(2) കാർഷിക മേഖലയിൽ വരുത്തേണ്ട പരിഷ്ക്കാരങ്ങളെ സംബന്ധിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള നടപടികൾ

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : "ഡബ്ല്യു.റ്റി.ഒ. കരാറിനെത്തുടർന്ന് സംസ്ഥാനത്ത് കാർഷിക മേഖലയിൽ വരുത്തേണ്ട പരിഷ്ക്കാരങ്ങളേയും നടപടികളേയും സംബന്ധിച്ച് പഠിച്ച് ശുപാർശകൾ നൽകാൻ സർക്കാർ നിമിച്ച ഡോക്ടർ എം. എസ്. സ്വാമിനാഥൻ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ കേന്ദ്ര സർക്കാർ കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ച് കേന്ദ്രസർക്കാരിനെ പ്രേരിപ്പിക്കാനും സംസ്ഥാനതലത്തിൽ എടുക്കേണ്ട അടിയന്തിര നടപടികളെ സംബന്ധിച്ച് ഉചിതമായ തീരുമാനങ്ങളെടുത്ത് നടപ്പിലാക്കുവാനും ഈ സഭ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ "ഡബ്ല്യു.ടി.ഒ. ഉയർത്തുന്ന പ്രതിസന്ധിക്കും ഭീഷണിക്കും എതിരായി, അതിനെ നേരിടുവാൻ വേണ്ട പരി പാടികളെക്കുറിച്ചു പഠിക്കാൻ നിയമിച്ച ഡോ. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് പ്രാവർത്തികമാക്കണം എന്ന പ്രമേയമാണ് ഞാൻ അവതരിപ്പിക്കുന്നത്. കേരളത്തിന്റെ കാർഷിക വിളകളുടെ നാണ്യവിളകളുടെ ഉല്പാദന രംഗത്ത് പ്രതീക്ഷ പകരുന്ന ഡോ.എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് പ്രാവർത്തി കമാക്കണമെന്ന ഈ പ്രമേയം ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ തീർച്ചയായും ഈ സഭ ഏകകണ്ഠമായി അംഗീകരിക്കും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. 1994-ൽ 125 രാഷ്ട്രങ്ങൾക്കൊപ്പമാണ് ഇൻഡ്യ ലോക വ്യാപാര കരാർ ഉടമ്പടി-ഗാട്ട്-ഒപ്പുവച്ചത്. അതിനുശേഷം 1995-ൽ അതിന് അനുബന്ധമായിട്ടുള്ള വേൾഡ് ട്രേഡ് ഓർഗനൈസേഷൻ (ഡബ്ല്യു.ടി.ഒ.) നിലവിൽ വന്നു. ഇപ്പോൾ എട്ട് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു, അംഗരാഷ്ട്രങ്ങൾക്ക് തുല്യമായ അവകാശങ്ങളും സാമ്പത്തിക വികസനത്തിന് അനുസ്യൂതമായ ബാദ്ധ്യതകളും ഉൾക്കൊള്ളുന്ന ഒരു രാഷ്ട്രാന്തരീയ സംഘടനയാണ് തത്വത്തിൽ ഡബ്ല്യു.ടി.ഒ. ഇത് ലോക സാമ്പത്തിക മേഖലയിൽ വിവാദങ്ങളും പ്രശ്നങ്ങളും സൃഷ്ടിച്ചിരിക്കുന്നു. പ്രത്യേകിച്ചും വികസ്വര രാജ്യങ്ങളിൽ, ഇൻഡ്യയിൽ-കേരളത്തിൽ-നമ്മുടെ കാർഷിക മേഖലയിൽ. കേരളം ഉൽപ്പാദിപ്പിക്കുന്ന കാർഷിക വിഭവങ്ങളിൽ 81 ശതമാനവും കേരളത്തിന് പുറത്ത് വിപണനം നടക്കുന്നവയാണ്. നമ്മുടെ വ്യാപാര പാരമ്പര്യത്തിനു തന്നെ ഏഴായിരം വർഷത്തെ പഴക്കമുണ്ട്. കറുത്ത പൊന്ന് തേടി വന്നവർ, സുഗന്ധ വ്യഞ്ജനങ്ങൾ തേടി വന്നവർ, പോർട്ടുഗീസുകാർ, ഡച്ചുകാർ കുരുമുളക് മാത്രമല്ല, കുരുമുളക് വള്ളിയും തലപ്പും വിദേശത്തേക്ക് കൊണ്ടുപോകുന്നു എന്ന വാർത്ത സാമൂതിരിയുടെ ശ്രദ്ധയിൽപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞ ഒരു വാക്ക് അതും നമ്മുടെ കാർഷിക മേഖല എന്നെന്നും അനുസ്മരിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ 'തിരുവാതിര ഞാറ്റുവേല' അത് കൊണ്ടുപോകില്ലല്ലോ. അതോടൊപ്പം തന്നെ 'പത്താം ഉദയം' ഇതൊക്കെ കണ്ടുകൊണ്ട് മാത്രം ഇനിയും കേരളത്തിലെ കൃഷിയെ നമുക്ക് കാണാൻ കഴിയില്ല. വൃശ്ചിക കാറ്റും മകരക്കുളിരും, ഇടവപ്പാതിയും, തുലാവർഷവും ഒക്കെ കേരളത്തോട് അമ്മാവിയമ്മ പിണക്കം നടത്തിയിരിക്കുന്നു. അമ്മാവിയമ്മ പിണക്കം എന്നെക്കാൾ കൂടുതൽ ബഹുമാനപ്പെട്ട അംഗം ശ്രീമതി ടീച്ചർക്ക് അറിയാം എന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : അത് വളരെ മോശമായിട്ടുള്ള ഒരു പ്രതികരണമാണ്. അത് പിൻവലിക്കുന്നതാ നല്ലത്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : പ്രകൃതിയുടെ അമ്മാവിയമ്മ പിണക്കമെന്നുപറഞ്ഞതിനെതിരെ മാഡം പോരാട്ടം നടത്തുന്നതെന്തിനാണ് ?

മി. ഡെപ്യൂട്ടി സ്പീക്കർ : അത് അദ്ദേഹത്തിന് അറിയാവുന്നതുകൊണ്ട് പറഞ്ഞതാണ്, പൊതുവെ നാട്ടിലൊക്കെ പറയും അമ്മാവിയും മരുമോളും കുടിയുള്ള പിണക്കം.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : അമ്മാവിയമ്മ പിണക്കം എന്നുപറഞ്ഞാൽ കേരളത്തിലെ, മലയാളത്തിലെ അതിപ്രശസ്തമായ ഒരു ശൈലിയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അറിയാം, പ്ലീസ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ഒരു സമതുലനാവസ്ഥ പാലിക്കാൻവേണ്ടി അമ്മാവിയമ്മ പിണക്കം പോലെയോ, അളിയൻ പോരുപോലെയോ എന്ന് തിരുത്തിയാൽ അത് കൂടുതൽ നന്നായിരിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്, അദ്ദേഹം പറഞ്ഞതിൽ തെറ്റൊന്നുമില്ല.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർക്ക് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടെങ്കിൽ ഞാൻ ബഹുമാനപ്പെട്ട സാവിത്രി ലക്ഷ്മണന്റെ തിരുത്ത് സ്വീകരിക്കുന്നു. നാം ഉണ്ടാക്കിയ പാരിസ്ഥിതിക പ്രശ്നങ്ങൾ മനുഷ്യചെയ്തിയിലുള്ള പ്രതിഷേധം പോലെ, പ്രകൃതിയുടെ, കാലാവസ്ഥയുടെ അപശ്രുതിയും അവതാളവുമായിമാറുന്നു. വിളയുടെ കാലക്കേട്, വിപണിയുടെ അനശ്ചിതത്വം, പോരെങ്കിൽ ഗാട്ടിന്റെ ഭീഷണിയും. 1998-ലാണ് മാലിയിൽ വച്ച് സാർക് കരാർ ഒപ്പുവയ്ക്കപ്പെട്ടത്. അവിടെവച്ച് Free Trade Agreement ഒപ്പുവച്ചു. ആ എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നതിനു പോയത് അന്നത്തെ ബഹുമാന്യനായ പ്രധാനമന്ത്രി ഐ. കെ. ഗുജ്റാൾ ആയിരുന്നു. നമ്മുടെ കേരളത്തിന്റെ, ഇൻഡ്യയുടെ കാർഷിക രംഗത്തെ താറുമാറാക്കുവാൻ, കൊലച്ചതി ചെയ്യുവാൻ അന്നത്തെ എഗ്രിമെന്റ് ഉപകരിച്ചു എന്നതാണ് യാഥാർത്ഥ്യം.

ശ്രീ. വർക്കല കഹാർ : അന്ന് ബഹുമാന്യനായ ഐ. കെ. ഗുജ്റാളിനോടൊപ്പം ശ്രീ. ചതുരാനൻ മിശ്ര എന്നുപറയുന്ന സി.പി.ഐ. മന്ത്രിയും കൂടി ഉണ്ടായിരുന്നതായി അങ്ങേയ്ക്കറിയാമോ ?

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : ശ്രീ. ചതുരാനൻ മിശ്ര മാത്രമല്ല, ബഹുമാന്യനായ സുർജിത് ആയിരുന്നു റിമോട്ട് കൺട്രോളിലൂടെ ആ കേന്ദ്ര ഗവൺമെന്റിനെ നയിച്ചുകൊണ്ടിരുന്നത്.

ശ്രീ. പി. ജയരാജൻ : അങ്ങ് ചതുരാനൻ മിശ്രയെപ്പറ്റിയും ഐ.കെ. ഗുജ്റാളിനെ പറ്റിയും പറഞ്ഞു. 1991-ൽ അങ്ങയുടെ നേതാവ് ശ്രീ. നരസിംഹ റാവു കൊണ്ടുവന്നിട്ടുള്ള New Economic Policy ഏതിന്റെ ഭാഗമാണെന്നു കൂടി വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : അത് യാഥാർത്ഥ്യ ബോധത്തിന്റെയും ലോക സാമ്പത്തിക സമീപനത്തിന്റെയും ഭാഗമായിരുന്നു.

ശ്രീ. വർക്കല കഹാർ : ലോകത്തുള്ള ഏറ്റവും വലിയ കമ്മ്യൂണിസ്റ്റു രാജ്യമായി ഇവരെല്ലാവരും കൊട്ടിഘോഷിക്കുന്ന ഇന്ന് നമ്മുടെ മന്ത്രി തന്നെ പറഞ്ഞു ചൈനാ മോഡൽ എന്ന്. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ് The colour of the cat is not the problem, the problem is whether it catches the mice എന്നാ പറഞ്ഞിട്ടുള്ളത്, പൂച്ചയുടെ കളർ പ്രശ്നമല്ല, അത് എലിയെ പിടിക്കുമോ എന്ന് നോക്കിയാൽ മതി. കറുത്തതായാലും ശരി, വെളുത്തതായാലും ശരി, വേറെ കളറിൽ ഉള്ളതായാലും ശരി എലിയെ പിടിക്കണം എന്നു മാത്രമേയുള്ളു എന്നുപറഞ്ഞത് അങ്ങ് ഓർക്കുന്നുണ്ടോ ?

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : ശരിയാണ്. എന്നെ സംബന്ധിച്ച് പശു കറുത്തതാണെങ്കിലും ചുമന്നതാണെങ്കിലും, വെളുത്തതാണെങ്കിലും സംശുദ്ധമായ വെളുത്ത പാൽ തന്നാൽ മതിയെന്ന് തിരുത്താം.

ശ്രീ. ഇ. എം. അഗസ്തി : പശു വെളുത്തതായാലും കറുത്തതായാലും അത് പാൽ തന്നെ ചുരത്തണം എന്ന് നിർബന്ധമുണ്ട് എന്ന് ഈ സഭയിൽ ധനകാര്യമന്ത്രിയായിരുന്ന ശ്രീ. ടി. ശിവദാസമേനോൻ ആവർത്തിച്ച് പറഞ്ഞിട്ടുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : തീർച്ചയായും ഉണ്ട്.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ) : അങ്ങ് ഭാവിയിൽ പശുക്കളെ പരിപാലിക്കുന്ന ആളാണെന്ന് മനസ്സിലാക്കി തന്നെയാണോ അങ്ങയുടെ അച്ഛൻ ഗോപാലകൃഷ്ണൻ എന്നുപേരിട്ടത്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : എന്റെ അച്ഛൻ കർഷകനായിരുന്നു, ആ പാരമ്പര്യം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ കന്നാലിക്കാരൻ എന്ന പശു വളർത്തലുകാരന്റെ പേര് ക്ഷീരകർഷകൻ എന്നാക്കുന്നതിന് മിൽമ ചെയർമാൻ എന്ന നിലയിൽ നേതൃത്വം നൽകിയ എളിയ ഒരു കന്നുകാലി വളർത്തൽകാരൻ തന്നെയാണ് ഞാൻ.

ശ്രീ. സി. കെ. നാണു : ശ്രീ. ഈ ഐ. കെ. ഗുജ്റാൾ പ്രധാനമന്ത്രിയായിരുന്ന കാലത്ത് കൊണ്ടുവന്ന നിയമത്തിൽ നമ്മുടെ സ്റ്റേറ്റിന്റെ താൽപ്പര്യത്തിന് വിരുദ്ധമായി, രാഷ്ട്രത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമായി എന്തെങ്കിലും ഉണ്ടെങ്കിൽ അത് നടപ്പിലാക്കണ്ട എന്നുള്ള തീരുമാനം അതോടുകൂടി ഉണ്ടാകുകയും, അദ്ദേഹം പ്രധാനമന്ത്രിയായിരുന്ന കാലത്ത് കാർഷിക മേഖലയ്ക്ക് ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തകരാറുകൾ ഉണ്ടെങ്കിൽപ്പോലും അത്തരം തകരാറുകൾ ഒന്നും കേരളത്തിൽ ഉണ്ടായിട്ടില്ല എന്നുള്ളതും താങ്കൾക്കറിയാമോ ?

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : ഈ വസ്തുത അങ്ങേയ്ക്ക് മാത്രമേ അറിയാവൂ. എനിക്കറിയില്ല, ഈ സ യ്ക്കറിയാമോ എന്ന് നിശ്ചയമില്ല. അന്ന് ആ കരാറിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കാർഷിക വിളകൾക്ക് 160

ശതമാനവും അതുപോലെ തന്നെ സംസ്കരിച്ച ഉൽപ്പന്നങ്ങൾക്ക് 150 ശതമാനവും ഭക്ഷ്യ എണ്ണയ്ക്ക് 300 ശതമാനവും ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയിരുന്നു. 2002-ൽ നമ്മുടെ രാജ്യത്ത് 715 സാധനങ്ങളുടെയും, 2003-ൽ 69 സാധനങ്ങളുടെയും അളവിലുള്ള ഇറക്കുമതി നിയന്ത്രണത്തിലുള്ള സംവിധാനങ്ങൾ മാറ്റുകയായിരുന്നു കേന്ദ്ര ഗവൺമെന്റ് ചെയ്തത്. കാർഷിക മേഖല ഇന്ന് വലിയ പ്രതിസന്ധിയിലേയ്ക്ക് നീങ്ങുകയാണ്. 1995-1996-ൽ നമ്മുടെ രാജ്യത്തേക്ക് ഇറക്കുമതി ചെയ്ത എണ്ണ 10.62 ലക്ഷം ടൺ ആയിരുന്നു. അത് 2001-2002 ആയപ്പോൾ 44.68 ലക്ഷം ടൺ ആയി. ഇറക്കുമതി ചെയ്തതിൽ 70 ശതമാനവും പാം ഓയിൽ ആയി. അതിന്റെ അനന്തര ഫലം തേങ്ങയുടെ, വെളിച്ചെണ്ണയുടെ വില കുറഞ്ഞു. ശ്രീലങ്കയിൽ നിന്ന് കുരുമുളകും, ഇൻഡോനേഷ്യയിൽ നിന്ന് തേയിലയും ഇറക്കുമതി ചെയ്തതോടുകൂടി നമ്മുടെ രാജ്യത്തെ നാണ്യവിളകളുടെ പ്രത്യേകിച്ച് കുരുമുളകിന്റെ, തേയിലയുടെ ഒക്കെ വില കുറയുകയാണ് ചെയ്തത്. ഇന്ന് വിയറ്റ്നാമിൽ നിന്നും ശ്രീലങ്കയിലേക്ക് വരികയും ശ്രീലങ്കയിൽ നിന്ന് ഇൻഡ്യയിലേക്ക് വരികയും, ഇൻഡ്യയിൽ നിന്ന് വീണ്ടും കയറ്റുമതി ചെയ്യുകയും ചെയ്യുന്നതോടുകൂടി ഉൽപ്പന്നത്തിന്റെ ക്വാളിറ്റി നഷ്ടപ്പെടുന്നതോടൊപ്പം കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് വിലയിടിയുന്നു എന്നതാണ് യാഥാർത്ഥ്യം.

സർ വ്യാവസായിക ഉൽപ്പന്നമായി ഇന്ന് അംഗീകരിച്ചിട്ടുള്ള റബ്ബറിന്റെ ഇറക്കുമതി തീരുവ 40 ശതമാനമാണെങ്കിലും കേന്ദ്ര ഗവൺമെന്റ് ഡബ്ല്യു.ടി..ഒ. യുമായി കരാർ ചെയ്തിട്ടുള്ളത് 25 ശതമാനം മാത്രമാണ്.അതിന് എതിരായിട്ടാണ് ബഹുമാന്യനായ ശ്രീ.ഉമ്മൻ ചാണ്ടി ഈ സഭയുടെ ഏകകണ്ഠമായ അംഗീകാരത്തിനുള്ള പ്രമേയം സമർപ്പിച്ചത്.

ശ്രീ. തോമസ് ചാഴികാടൻ : സർ, സ്വാഭാവികമായ റബ്ബർ നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ ഉൽപ്പാദിപ്പിക്കുന്നത് കേരളത്തിലാണ്. ഇൻഡ്യയിലെ ഉൽപ്പാദനത്തിന്റെ 95 ശതമാനവും കേരളത്തിലാണ് ഉൽപ്പാദിപ്പിക്കുന്നത്. അതൊരു കാർഷിക വിളയാണെങ്കിലും ഡബ്ല്യു.റ്റി.ഒ.യുടെ കാറ്റഗറൈസേഷനിൽ ഇപ്പോൾ അത് വ്യാവസായിക ഉൽപ്പന്നമായിട്ടാണ് കാണിച്ചിരിക്കുന്നത്. കാർഷിക ഉൽപ്പന്നമായിട്ട് കാണിച്ചിരുന്നുവെങ്കിൽ 150 ശതമാനം വരെ അതിന്റെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കാനുള്ള സാഹചര്യമുണ്ടായിരുന്നു. ഇപ്പോൾ 40 ശതമാനം വ്യാവസായിക ഉൽപ്പന്നത്തിന് ഉണ്ടായിട്ടുപോലും കേന്ദ്ര ഗവൺമെന്റ് 25 ശതമാനം വരെയേ ആക്കിയിട്ടുള്ളൂ. അത് ഉയർത്താൻ കേന്ദ്ര ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടില്ല എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ, അതുതന്നെയാണ് ഞാൻ പറഞ്ഞത്. ഡോ. എം.എസ്. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിൽ ഉള്ള ഒരു നിർദ്ദേശമാണ് അങ്ങ് ഇപ്പോൾ സൂചിപ്പിച്ചിട്ടുള്ളത്.

മി.ഡെപ്യൂട്ടി സ്പീക്കർ : അങ്ങേക്ക് അനുവദിച്ച സമയം കഴിഞ്ഞു,

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ ഞാൻ ഒന്നു പറഞ്ഞുകൊള്ളട്ടെ, അങ്ങും ഒരു കർഷകനാണല്ലോ,

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : അതുകൊണ്ടാണല്ലോ സമയം അനുവദിച്ചത്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : ഇൻഡ്യയിലെ ഭൂപ്രദേശങ്ങളിൽ 1.04 ശതമാനം മാത്രമാണ് കേരളത്തിന്റെ വിസ്തൃതി. ഈ വിസ്തൃതിയിൽ, ഇൻഡ്യയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പ്ളാന്റേഷൻ വിളയിൽ, നാണ്യവിളയിൽ 45 ശതമാനം ഇവിടെ ഉൽപ്പാദിപ്പിക്കുന്നു. ലോക വ്യാപാര സംഘടനയുടെ തത്വവും പ്രവർത്തനവും പഠിക്കാൻ, കേരളത്തിന്റെ താൽപ്പര്യങ്ങളും കേരളത്തിന്റെ സാധ്യതകളും കണ്ടെത്തുവാൻ ലോകപ്രശസ്തനായിട്ടുള്ള ശാത്രജ്ഞൻ ഡോ.എം. എസ്. സ്വാമിനാഥന്റെ നേതൃത്വത്തിൽ ഒരു കമ്മിഷനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, കൃഷി വകുപ്പുമന്ത്രിയൊക്കെ ചേർന്നു നിയമിച്ചു, പണിയും കെണിയും അറിയാവുന്നവനാണ് കങ്കാണി, പണിയും കെണിയും അറിയാവുന്നവനാകണം ഭരണാധിപൻ എന്നാണ് എന്റെ അഭിപ്രായം. പണിയും കെണിയും അറിയാവുന്നവനായി ശ്രീ. എ.കെ. ആന്റണി ഇപ്പോൾ മാറിയിരിക്കുകയാണ്. ഭരണപരിചയത്തിന്റേയും നിശ്ചയദാർഢ്യത്തിന്റേയും തീജ്വാലകളിൽ നിന്ന് ഉദയം ചെയ്ത ബഹുമാന്യയായ കൃഷിവകുപ്പുമന്ത്രി ശ്രീമതി കെ.ആർ. ഗൗരിയമ്മ, അവർ ഇരുവരുടേയും രാഷ്ട്രീയ ഇച്ഛാശക്തിയുടേയും ക്രിയാശക്തിയുടേയും മുന്നിലാണ് എം.എസ്. സ്വാമിനാഥൻ റിപ്പോർട്ട് സമർപ്പിച്ചത്. ഈ സ്വാമിനാഥൻ റിപ്പോർട്ട് ഏട്ടിലെ പശുവിനെ പോലാകരുത്, ആ പശു പുല്ല് തിന്നാൽ മാത്രം പോരാ, അത് പാൽ ചുരത്തണം, പാൽ ചുരത്തിയാൽ മാത്രം പോരാ, ആ പാലിന് ഗുണവും മണവും ഉണ്ടാകണം. കേരളത്തിന്റെ കാർഷിക രംഗത്ത് ഒരു പുതിയ കണ്ണി കണ്ട് ഉണരാൻ, നൻമ വിതയ്ക്കാൻ തീർച്ചയായും ഈ എം.എസ്. സ്വാമിനാഥന്റെ റിപ്പോർട്ട് ഉപകരിക്കും എന്നാണ് എന്റെ വിശ്വാസം. സർ ഈ റിപ്പോർട്ട് Substantial Agriculture Trade Security System for Kerala. കേരളത്തിൽ സുസ്ഥിര ഭദ്രതയുള്ള ഒരു കാർഷിക വിപണന സംവിധാന സൃഷ്ടി. അത് പ്രാവർത്തികമാക്കുകയാണ് വേണ്ടത്. ഇതിലേക്ക് രണ്ട് തലങ്ങളിലുള്ള സമീപനം ഉണ്ടാകണം. ഒന്ന്, കേന്ദ്ര ഗവൺമെന്റ് നിർബന്ധമായി നടപ്പിലാക്കേണ്ട പദ്ധതി, രണ്ട് സംസ്ഥാന ഗവൺമെന്റ് അടിയന്തര പ്രാധാന്യത്തോടുകൂടി പ്രാവർത്തികമാക്കേണ്ട പദ്ധതി, കേന്ദ്ര ഗവൺമെന്റിൽ ഡബ്ള്യു.റ്റി.ഒ.യുടെ സമിതിയിൽ കേരളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള പ്രാപ്തിയുള്ള പ്രതിബദ്ധതയുള്ള, മന്ത്രിയുടേയോ ഉദ്യോഗസ്ഥന്റെയോ പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ട സാഹചര്യം ഉണ്ടാക്കണം. എണ്ണക്കുരുക്കളുടേയും ഭക്ഷ്യ എണ്ണയുടേയും തീരുവ പരമാവധി വർദ്ധിപ്പിക്കാൻ തയ്യാറാകണം. സാഹചര്യത്തിന് അനുസരിച്ച് നമ്മുടെ കമ്മോഡിറ്റീസ് ബോർഡുകൾ, അത് റബ്ബർ ബോർഡ് ആണെങ്കിലും ടീ ബോർഡ് ആണെങ്കിലും സ്പൈസസ് ബോർഡ് ആണെങ്കിലും പുന:സംവിധാനം ചെയ്യുന്നതിനെക്കുറിച്ച് പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കണം. ലോക കമ്പോള നിലവാരത്തിൽ ഗുണനിലവാരം വളരെ പ്രധാനപ്പെട്ട വസ്തുതയായതിനാൽ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള സംവിധാനം ഉണ്ടാകണം. ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ ഗുണനിലവാരം കുറഞ്ഞ ഉൽപ്പന്നം അന്യരാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്ക് വരികയും ഇവിടെ നിന്ന് അത് കയറ്റി അയയ്ക്കുകയും ചെയ്യുന്നതോടുകൂടി ലോക കംപോളങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യയുടെ കാർഷികോൽപ്പന്നത്തിനുള്ള ഖ്യാതി നഷ്ടപ്പെടുന്നു എന്നുള്ളതാണ് കാര്യം. അതുകൊണ്ട് കേരള ഗവൺമെന്റ് ശ്രദ്ധിക്കേണ്ട പ്രധാനമായിട്ടുള്ള കാര്യങ്ങളാണിവ. കാർഷികോൽപ്പന്നങ്ങളുടെ സുസ്ഥിരവും സുരക്ഷിതവുമായിട്ടുള്ള വിപണി ഉറപ്പുവരുത്താൻ ബഹുമാന്യനായ മുഖ്യമന്ത്രി അദ്ധ്യക്ഷനും കൃഷിവകുപ്പുമന്ത്രി ഉപാദ്ധ്യക്ഷയുമായിട്ടുള്ള ഒരു കമ്മിറ്റി ഉണ്ടാകണം. തോട്ടവിള വികസന നയം രൂപീകരിക്കാൻ വിദഗ്ദ്ധ സമിതി ഉണ്ടാക്കണം. ഔഷധ സസ്യങ്ങളുടെ സാദ്ധ്യതകൾ മനസ്സിലാക്കി സൈലന്റ് വാലി മുതൽ വയനാട് വരെ ഒരു ഹെർബൽ ബയോവാലിയുണ്ടാക്കാൻ നമുക്ക് കഴിയണം. അതുപോലെതന്നെ തേയില, ഏലം, കാപ്പി, തെങ്ങ്, മുതലായവയുടെ പുനർ നടീലിന് ആവശ്യമായ റിവോൾവിംഗ് ഫണ്ട്, ഉണ്ടാക്കണം. ഭൂവിനിയോഗത്തെ സംബന്ധിച്ച് നമ്മുടെ ലാന്റ് യൂസ് ബോർഡിലൂടെ കേരളത്തിലെ കർഷകർക്ക് ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റവും കാലാവസ്ഥയും കൈമാറുന്നതിലേക്കുള്ള നിർദ്ദേശം ഉണ്ടാകണം. അതുപോലെതന്നെ കിസാൻ ക്രെഡിറ്റ് കാർഡിന്റെ ഉപയോഗം വ്യാപകമാക്കണം. കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ചതുപോലെ വില സ്ഥിരതാ ഫണ്ട് കേരളത്തിൽ കൂടി ഉണ്ടാക്കാൻ നമുക്ക് കഴിയണം. കൃഷിക്കാരുടെ പ്രശ്നങ്ങൾ വളരെയേറെ പ്രാധാന്യത്തോടുകൂടി നമുക്ക് കാണാൻ കഴിയണം. ആധുനിക സാമ്പത്തിക ശാസ്ത്രീയ പ്രയോഗങ്ങൾ ചേർന്നതാണ് ഇംഗ്ലീഷിലുള്ള ഈ റിപ്പോർട്ട്, സാമാന്യ വിദ്യാഭ്യാസമുള്ള കർഷകർക്ക് ഒരു ആവർത്തി വായിച്ചാൽ ഇത് മനസ്സിലാകുകയില്ല. അതുകൊണ്ട് ഇത് അടിയന്തിരമായി പരിഭാഷപ്പെടുത്തി നമ്മുടെ നിയമസഭാതലം മുതൽ ഗ്രാമതലം വരെ ഇത് ചർച്ചചെയ്യാൻ ആവശ്യമായ സാഹചര്യമുണ്ടാകണം. ഒരു കാര്യം കൂടി പറയാനുണ്ട് ബഹുമാന്യനായ ഡെപ്യൂട്ടി സ്പീക്കർ അങ്ങാണ് ഇപ്പോൾ സ്പീക്കർ സ്ഥാനത്തിരിക്കുന്നത്. ഡോ. എം.എസ്. സ്വാമിനാഥന്റെ റിപ്പോർട്ട് സംബന്ധിച്ച് അദ്ദേഹത്തെക്കൊണ്ടുതന്നെ സ്വാമിനാഥനെക്കൊണ്ടുതന്നെ ഒരു പ്രസന്റേഷൻ നടത്തി ആ റിപ്പോർട്ടിന്റെ പ്രാമുഖ്യവും പ്രാധാന്യവും നിയമസഭാസാമാജികൻമാർക്ക് ഒന്നുപോലെ ബോദ്ധ്യപ്പെടുത്തുന്നതിനാവശ്യമായ നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കാൻ ഈ സന്ദർഭം ഞൻ വിനിയോഗിക്കുന്നു. വരുന്ന 50 വർഷക്കാലത്തെ കേരളത്തിന്റെ കാർഷിക വിളകളുടേയും നാണ്യവിളകളുടേയും മുന്നോട്ടുള്ള ഗമനത്തിന്, പ്രതിസന്ധികളെ നേരിടുവാൻ അതുപോലെ ഈ ഉൽപ്പന്നങ്ങൾക്ക് വിലയും വിപണിയും ഉറപ്പുവരുത്താൻ, അതിലൂടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ, ഈ കമ്മിഷൻ റിപ്പോർട്ട് ഉപകരിക്കും എന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് ഈ ഗവൺമെന്റ് ഏതാണ്ട് 15 വർഷക്കാലത്തിനുള്ളിൽ അയ്യായിരം കോടി രൂപ വിനിയോഗിച്ചുകൊണ്ട് സമഗ്രമായി നടത്തേണ്ട പദ്ധതികൾ രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടി നടപ്പിലാക്കാൻ അതിന് ആവശ്യമായ സമ്പത്ത് കണ്ടെത്താൻ ഇൻഡ്യയുടേയും വികസ്വര രാജ്യങ്ങളുടേയും ശ്രദ്ധയിൽ എം.എസ്. സ്വാമി നാഥന്റെ റിപ്പോർട്ട് വരുത്താൻ റിപ്പോർട്ട് ഫലപ്രദമായും ഗുണപ്രദമായും നടപ്പിലാക്കുന്നതിനുവേണ്ടി ഈ സഭ ഏകകണ്ഠമായി അംഗീകരിച്ച് ഗവൺമെന്റ് ഇത് നടപ്പിലാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള പ്രമേയം ഒരിക്കൽക്കൂടി ഈ സഭയുടെ പരിഗണനയ്ക്ക് വേണ്ടി സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുകയാണ്. 1995 ജനുവരി 1-ന് ആണ് ഡബ്ല്യു. ടി. .ഒ. നിലവിൽ വന്നത്. വളരെയേറെ സമ്മർദ്ദങ്ങളും അപേക്ഷകളും സമർപ്പിച്ച് ഏറ്റവും അവസാനമായി അതിൽ കടന്നുകയറിയ രാജ്യം ചൈനയാണ്. ഇന്ന് നിലവിൽ 145 രാജ്യങ്ങൾ ഡബ്ല്യു .ടി .ഒ.യിൽ അംഗങ്ങളാണ്. ഏകദേശം ഇരുപത്തിയേഴോളം രാജ്യങ്ങൾ അംഗത്വത്തിനുവേണ്ടി കാത്തുകിടക്കുന്നുണ്ട്. ഡബ്ല്യു. ടി. ഒ. നിലവിൽ വന്നതിനെത്തുടർന്ന് ലോകത്തിന്റെ എല്ലാ മേഖലയിലും വമ്പിച്ച പരിവർത്തനങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ആ പരിവർത്തനങ്ങളെ സ്വാംശീകരിക്കുവാനും അവയോട് അനുബന്ധമായി പ്രതികരിച്ച് മുന്നോട്ടുപോകാനും കഴിയുന്നില്ലായെങ്കിൽ ലോക മുന്നേറ്റങ്ങൾക്ക് മുൻപിൽ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിലെ പ്രജകളായ നമ്മൾ പിൻതള്ളപ്പെട്ടുപോകും എന്നുള്ളത് യാഥാർത്ഥ്യമാണ്. ഈ വസ്തുത ഗൗരവത്തരമായി നാം കാണേണ്ടിയിരിക്കുന്നു. ഡബ്ല്യു.ടി.ഒ. ഒരു റൂൾ മേക്കിംഗ് ബോഡിയാണ്. അതാരെങ്കിലും അടിച്ചേൽപ്പിക്കപ്പെടുന്ന ഒന്നല്ല. ഇതിലെ പ്രധാനപ്പെട്ട സമിതി തർക്കപരിഹാര പാനൽ എന്നുള്ളതണ്. ഡബ്ല്യു.ടി. ഒ. യിൽ ഏതെങ്കിലും ഒരു അംഗരാജ്യം തീരുമാനത്തിൽ എതിർപ്പ് പ്രകടിപ്പിച്ചാൽ ആ വിഷയം പരിഹരിച്ചേ തീരുമാനം കൈക്കൊള്ളാവൂ എന്ന് വ്യവസ്ഥയുണ്ട്. ഇവിടെ അപ്പുറത്തിരിക്കുന്ന നമ്മുടെ സ്നേഹിതൻമാർ പ്രചരിപ്പിക്കുന്നത് ഡബ്ല്യു.ടി. ഒ. ഏകപക്ഷീയമായി ചില സമ്പന്ന രാജ്യങ്ങൾ അടിച്ചേൽപ്പിക്കുന്ന സംഘടനയാണെന്നാണ്. അത് വസ്തുത അറിയാതെ പറയുന്നതാണ്. ചുരുക്കത്തിൽ അംഗരാജ്യങ്ങൾ പരസ്പര ധാരണയോടുകൂടി അംഗീകരിക്കുന്ന കാര്യങ്ങളിൽ മാത്രമേ ഡബ്ല്യു.ടി.ഒ.യിൽ തീരുമാനമെടുക്കാനാവൂ.

ഡോ. എ. നീലലോഹിതദാസൻ നാടാർ : കാർഷിക മേഖലയിൽ നിന്നും കൃഷിക്കാരെ പടി പടിയായി നിർമാർജനം ചെയ്യുകയും കാർഷിക മേഖല മറ്റ് വ്യവസായങ്ങളെപ്പോലെ ഒരു വ്യവസായമാക്കി മാറ്റുകയും ചെയ്യുകയെന്നുള്ളതാണ് ഡബ്ല്യു.ടി. ഒ.യുടെ ആത്യന്തികമായ ലക്ഷ്യവും അത് മുന്നോട്ടുവയ്ക്കുന്ന പരിപാടികളും എന്ന വസ്തുത ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. ടി. തോമസ് : സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ഒരു വസ്തുത, അങ്ങനെയൊരു ധാരണ നിലവിലുണ്ടെങ്കിലും W.T.O.-യിലുള്ള 145 അംഗ രാഷ്ട്രങ്ങൾക്കും തുല്യാവകാശമാണ്. അതിനകത്ത് ചെറിയ രാജ്യങ്ങളെന്നോ വലിയ രാജ്യങ്ങളെന്നോ ഉള്ള പ്രശ്നമില്ല. 145 അംഗരാജ്യങ്ങൾക്കുമുള്ള വോട്ടവകാശം തുല്യമാണ്. രാജ്യതാൽപര്യങ്ങൾക്ക് അനുസരിച്ച് വാദിക്കാൻ ഇച്ഛാശക്തിയുള്ള രണകുടവും നേതാക്കന്മാരും ഭരണാധികാരികളും നമുക്കുണ്ടാകുന്നില്ല. അതുണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. അതുകൊണ്ട് W.T.O.-യിൽ ഇന്ത്യൻ താല്പര്യങ്ങൾ സ്ഥാപിച്ചെടുക്കാൻ കഴിയുന്ന നിലപാട് ഗവൺമെന്റ് സ്വീകരിക്കുക എന്നുള്ളതാണ് പ്രധാനം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, കേന്ദ്ര ഗവൺമെന്റിൽ ഇതിന്റെ ചർച്ചകൾ വരുമ്പോൾ പ്രത്യേകമായ സമ്മേളനങ്ങൾ വിളിച്ചുകൂട്ടുന്ന സന്ദർഭങ്ങളിൽ, മന്ത്രിതല സമ്മേളനങ്ങൾ, നമ്മുടെ കേസ് അവിടെ വാദിക്കുന്നില്ല. അത് പുറത്തുകൊണ്ടുവരുന്നതിലേക്കാണല്ലോ, ഉദ്യോഗസ്ഥ ലെവൽ കോൺഫറൻസും മന്ത്രിതല കോൺഫറൻസും ഉണ്ട്. അത് മെക്സിക്കോയിൽവച്ച് സെപ്തംബറിൽ നടക്കാൻ പോകുകയാണ്. ആ സമ്മേളനത്തിന് മുമ്പാകെ നമ്മുടെ പ്രശ്നങ്ങൾ, പ്രത്യേകിച്ച് കേരളത്തിന്റെ പ്രശ്നങ്ങൾ വളരെ ഗൗരവതരമായിട്ടുള്ളത്, ശ്രീ. പ്രയാർ സൂചിപ്പിച്ചത്. നമ്മൾ കേന്ദ്ര ഗവൺമെന്റിന് മുമ്പാകെ നമ്മുടെ കേസ് അവതരിപ്പിച്ച്, നിർദ്ദേശങ്ങൾ രൂപീകരിച്ച് മുന്നോട്ട് പോകേണ്ട സന്ദർഭം ഇതാണ്. ഇതിൽ അപേക്ഷിക്കേണ്ടതിലേക്ക് എന്തെങ്കിലും നടപടി സംസ്ഥാന ഗവൺമെന്റ് എടുത്തിട്ടുണ്ടോ ?

ശ്രീ. പി. ടി. തോമസ് : സർ, ഈ വിഷയംതന്നെ അതുമായി ബന്ധപ്പെട്ടതാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മെക്സിക്കോ സമ്മേളനത്തിന് മുമ്പ് കേരളത്തിന്റെ നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ ഡോക്ടർ എം.എസ്. സ്വാമിനാഥൻ കമ്മിഷനെ നിയമിച്ചതുകൊണ്ടുള്ള നടപടി തന്നെ കേരളത്തിന്റെ താല്പര്യത്തെയാണ് വെളിപ്പെടുത്തുന്നത്. അങ്ങ് അറിയേണ്ട മറ്റൊരു വസ്തുത, പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ജ്യോതി ബാസുവിന്റെ പ്രൈവറ്റ് സെക്രട്ടറിയായി 10 വർഷത്തോളം ചെലവഴിച്ച എം.എസ്. മേനോനെന്ന് പറയുന്ന എറണാകുളം സ്വദേശിയായ ഒരു ഐ:എ.എസ്. ഉദ്യോഗസ്ഥൻ ഉണ്ട്. അദ്ദേഹം ഇന്ത്യയിലെ W.T.O.-യുടെ കാര്യങ്ങൾ തീരുമാനിക്കുന്ന ഏറ്റവും ഉന്നതനായ ഉദ്യോഗസ്ഥനാണ്. അടുത്ത കാലത്ത് തിരുവനന്തപുരത്ത് നടന്ന ഒരു സമ്മേളനത്തിൽവച്ച് ഞാൻ അദ്ദേഹവുമായി വളരെയേറെ സംസാരിക്കുകയുണ്ടായി. അദ്ദേഹം എന്നോട് പറഞ്ഞു, നമ്മുടെ രാജ്യത്ത് സബ്സിഡി വേണമോ വേണ്ടായോ എന്ന് തീരുമാനിക്കുന്നതിനടക്കമുള്ള അവകാശം നമ്മുടെ രാജ്യത്തിനുണ്ട് എന്ന്. ആ വസ്തുതയെ പലരും തെറ്റിദ്ധരിപ്പിക്കുകയാണ്. അങ്ങ് ചൂണ്ടിക്കാണിച്ച വസ്തുത ഞാൻ അംഗീകരിക്കുന്നു. മെക്സിക്കോ സമ്മേളനത്തിൽ ഇന്ത്യാ ഗവൺമെന്റ് സ്വീകരിക്കേണ്ട നടപടികൾ എന്താണെന്നും സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കേണ്ടത് എന്താണെന്നും ഈ (കമ്മിഷൻ റിപ്പോർട്ട് ഉയർത്തിക്കാണിക്കുന്നു) എം.എസ്. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിലുണ്ട്. അതിലെ ഏറ്റവും മുഖ്യമായ ശുപാർശകൾ.

ശ്രീമതി മേഴ്സി രവി : സർ, ഈ സഭയിൽ W.T.O.-യെക്കുറിച്ചും മെക്സിക്കോ കോൺഫറൻസിനെക്കുറിച്ചും സംസാരിക്കുകയാണല്ലോ? എനിക്ക് ഒരു കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, കാർഷിക മേഖലയെക്കുറിച്ച് മാത്രമാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. W.T.O.-ഒപ്പിടുന്ന സമയത്ത് പല സെക്ടറുകളെക്കുറിച്ചും പരാമർശമുണ്ട്. കാർഷിക മേഖല തുറന്നുകൊടുക്കണമെന്നുള്ളതാണല്ലോ അവരുടെ ഡിമാന്റ്. അതുപോലെതന്നെ ഒരു ഡിമാന്റ് കൂടി കിടക്കുന്നുണ്ട്, സർവീസ് സെക്ടർകൂടി തുറന്നുകൊടുക്കണമെന്ന്, പ്രൊഫഷണൽസിനുവേണ്ടി സർവീസ് സെക്ടർ തുറന്നുകൊടുക്കണമെന്ന ഒരു ക്ലാസ്കൂടി W.T.O.-യിലുണ്ട്. അതുപോലെതന്നെ

W.T.O.-യിലെ ഒന്നാണ് ഇവിടെ പരാമർശിക്കപ്പെടുന്ന സബ്സിഡി കൊടുക്കുന്ന കാര്യം. സത്യത്തിൽ, ഞാൻ ഇന്നും ഓർക്കുന്നു, സി.പി.ഐ.-യുടെ ചന്ദ്രശേഖരനോ മറ്റോ ആയിരുന്നു അന്ന് മന്ത്രി. മന്ത്രി പറഞ്ഞത് ഞാൻ ഓർക്കുന്നു, W.T.O.-യിൽ ഒപ്പിടുന്നതുകൊണ്ടാണ് റേഷൻ സബ്സിഡി എടുത്തുകളയേണ്ടിവന്നത്. W.T.O.-ക്ക് അങ്ങനെയൊരു കണ്ടിഷനില്ല. That depends upon the Nation. സബ്സിഡി കൊടുക്കുന്നത് ടോട്ടൽ പ്രൊഡക്ഷന്റെ 10 ശതമാനം കൂടതലുണ്ടെങ്കിൽ മാത്രമാണ്. ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഒരു കാര്യമെന്ന് പറയുന്നത്, ഹൗസിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഒരു കാര്യമെന്ന് പറയുന്നത്, നമ്മൾ കാർഷിക രംഗത്ത് മാത്രം കോൺസൻട്രേറ്റ് ചെയ്ത് പോകരുത്. കേരളംപോലെ മാൻപവർ എക്സ്പോർട്ട് ചെയ്യുന്ന ഒരു സംസ്ഥാനത്ത് സർവീസ് സെക്ടർ ഓപ്പൺ ചെയ്യുന്ന കാര്യംകൂടി നമ്മുടെ അജണ്ടയിൽ പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. പി. ടി. തോമസ് : സർ, ബഹുമാനപ്പെട്ട കോട്ടയം മെമ്പർ ചൂണ്ടിക്കാണിച്ച വസ്തുത വളരെ പ്രസക്തമായിട്ടുള്ള ഒന്നാണ്. സർവീസ് മേഖലയെ സംബന്ധിച്ചും ഗൗരവതരമായ ചർച്ച വേണം. ഡോക്ടർ എം.എസ്. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിൽ ഊന്നിപ്പറയുന്നത്, നമ്മുടെ കാർഷിക വിളകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ടാണ്. അതുകൊണ്ട് ഞാൻ അതിനെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കുന്നത്.....

ശ്രീ. പി. ജയരാജൻ : സർ, ശ്രീമതി മേഴ്സി രവി പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു ഇൻഫർമേഷനാണ്. W.T.O. കരാറിൽ പൊതുവിതരണ വ്യവസ്ഥയിലെ സബ്സിഡിയുടെ പ്രശ്നം പറയുന്നില്ല. അത് അതാത് രാജ്യങ്ങൾ തീരുമാനിക്കേണ്ടതാണ്. 1991-ലെ നരസിംഹ റാവുവിന്റെ കോൺഗ്രസ് ഗവൺമെന്റ് ഭക്ഷ്യസബ്സിഡി എടുത്തുകളഞ്ഞത് മുതലാണ് നമ്മുടെ രാജ്യത്തെ പൊതുവിതരണ ശൃംഖല തകർക്കപ്പെട്ടത് എന്ന കാര്യം ബഹുമാനപ്പെട്ട അംഗം സമ്മതിക്കുമോ ?

ശ്രീ. പി. ടി. തോമസ് : സർ, നരസിംഹ റാവു ഗവൺമെന്റിനുശേഷം ഇന്ത്യയിൽ മാർക്സിസ്റ്റ് പാർട്ടിയുടെ ഹിഡൻ അജണ്ടയുടെ ഭാഗമായിട്ട് വന്ന ദേവഗൗഡയുടേയും ഗുജറാളിന്റേയും ഗവൺമെന്റുകളും ഈ മാർഗ്ഗത്തിൽ നിന്നും ഒരിഞ്ചുപോലും പിന്നോട്ട് പോയിട്ടില്ലെന്ന് മാത്രമല്ല, സി.പി.ഐ.-യുടെ നേതാവായിരുന്ന അന്നത്തെ കൃഷിവകുപ്പുമന്ത്രി ശ്രീ. ചതുരാനൻമിശ്ര ഒപ്പുവച്ച കരാർ അടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ചുകൂടി പറയേണ്ടിവരും.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, സബ്സിഡിയെ സംബന്ധിച്ച് പറഞ്ഞ ശ്രീ. തോമസ് ഇതൊക്കെ നന്നായി വായിക്കുന്ന വ്യക്തിയാണ്. ശ്രീ. തോമസ് മനസ്സിലാക്കേണ്ടത് സബ്സിഡി നമ്മളേട് നിർത്താൻ പറയുമ്പോൾ, നരസിംഹറാവു ഗവൺമെന്റോ അതിനുശേഷമുള്ള ഗവൺമെന്റോ ആകട്ടേ, കേരളം ഉൾപ്പെടെ ഇന്ത്യാ രാജ്യത്ത് സബ്സിഡി നിർത്തണമെന്ന് ഇവർ പറയുമ്പോൾ, അമേരിക്കയിൽ 450 ശതമാനം വരെ സബ്സിഡി കൊടുത്തുകൊണ്ടാണ് അവർ അവരുടെ ആഭ്യന്തര ഉൽപാദനം നിലനിറുത്തുന്നത് എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ് : സർ, ബഹുമാനപ്പെട്ട അംഗം അതിനെപ്പറ്റി കാര്യമായി ഒന്നുകൂടി വിലയിരുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. കാരണം, ജപ്പാനിൽ അരിക്ക് നൽകിയിരുക്കുന്ന സബ്സിഡി 300 ശതമാനമാണ്. ഇന്ത്യയിലത് 70 ശതമാനത്തിലേ എത്തിയിട്ടുള്ളൂ. വേണമെങ്കിൽ 300 ശതമാനം സബ്സിഡി നമുക്കും ഏർപ്പെടുത്താം. ഞാൻ ആദ്യം ചൂണ്ടിക്കാണിച്ചത്, 119 ഐറ്റമാണ് ഇതിലുള്ളത്. ഇതിൽ സബ്സ്ഡി എത്രയെന്നത് തീരുമാനിക്കുവാനുള്ള റൈറ്റ്സ് നമുക്കുണ്ട്. ഞാൻ ആദ്യം പ്രധാനപ്പെട്ട ഒരു പോയിന്റ് പറഞ്ഞു. ഇതിന്റെയകത്ത് തർക്കം ഏകപക്ഷീയമായി തീരുമാനിക്കപ്പെടുന്നില്ല. ഭൂരിപക്ഷ വോട്ടിന്റെ അടിസ്ഥാനത്തിൽ ഒരു തർക്കവും തീരുമാനിക്കപ്പെടുന്നില്ല. അങ്ങനെ വന്നാൽ ആ രാജ്യത്തിനുകൂടി സമ്മതമായ രീതിയിൽ മാത്രമേ സെറ്റിൽ ചെയ്യുകയുള്ളൂ. അതാണ് ഇതിനകത്തുള്ള ഒരു പ്രധാനപ്പെട്ട കാര്യം.

ശ്രീ. തോമസ് ചാഴികാടൻ : സർ, ബഹുമാനപ്പെട്ട കെ.പി. രാജേന്ദ്രൻ ചൂണ്ടിക്കാണിച്ച സബ്സിഡിയുടെ കാര്യത്തിൽ, അമേരിക്കയിൽ കൃഷിക്കാർക്ക് ഒരു വർഷം കിട്ടുന്ന സബ്സിഡി ഏതാണ്ട് 20,000 യു.എസ്. ഡോളറാണ്. യൂറോപ്യൻ യൂണിയനിലാണെങ്കിൽ കൃഷിക്കാർക്ക് ആവറേജ് കിട്ടുന്ന സബ്സിഡി 14,000 യു.എസ്. ഡോളറാണ്. ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) സർ, ആമ്പർബോക്സ്, മറ്റ് ബോക്സുകളിൽപ്പെടാത്ത ഒരു പുതിയ ബോക്സ് ജീവിക്കുന്നതിനുവേണ്ടിയുള്ള ഒരു ബോക്സ് എന്നുള്ള നലയിൽ കൊടുക്കണമെന്ന് അതിൽ വന്നിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ് : സർ, ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. എന്റെ സ്നേഹിതൻ ശ്രീ. തോമസ് ചാഴികാടൻ ചൂണ്ടിക്കാണിച്ചത്, യൂറോപ്യൻ യൂണിയനിലേയും അമേരിക്കയിലേയും കാര്യം. ഇന്ത്യയിൽ 110 മില്ല്യൻ കാർഷിക ഫാമിലികൾ ഉള്ളപ്പോൾ, അമേരിക്കയിൽ അത് 2 മില്ല്യൻ മാത്രമാണ്. അതേസമയം യൂറോപ്പിൽ മൊത്തം വരുമ്പോൾ 7.5 മില്ല്യനാണ്. ഒരു വ്യവസ്ഥ കൂടിയുണ്ട്. അതുകൂടി കാണണം. ആർട്ടിക്കിൾ 28 അനുസരിച്ച് ഇതിന്റെ താരിഫ് റേറ്റ് നിശ്ചയിക്കാൻ W.T.O.-ക്ക് കഴിയും. ഇതുവരെ ഇവിടെ പറഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെടുത്തി 253 തർക്കങ്ങൾ മാത്രമാണ് W.T.O.-യിൽ വന്നിട്ടുള്ളത്. ഇതിൽ 50 എണ്ണവും ഇന്ത്യയുടെ ഭാഗത്തുനിന്നാണ്. അതിൽ പരിഹരിക്കപ്പെട്ടത് 2 തർക്കങ്ങൾ മാത്രമാണ്. ഏകപക്ഷീയമായി ഇത് തീരുമാനിക്കാൻ കഴിയുമായിരുന്നെങ്കിൽ നേരത്തെ തീരുമാനിക്കാമായിരുന്നു. W.T.O.-യുടെ പ്രാധാന്യം ഞാൻ ചൂണ്ടിക്കാണിച്ചു എന്നേയുള്ളൂ. ഗൗരവതരമായി നാം വിലയിരുത്തേണ്ട ഒരു മേഖലയാണ് കാർഷിക മേഖല. അതുകൊണ്ടാണ് W.T.O.-യുടെ Agreement on Agriculture എന്ന് പറയുന്ന A.O.A., അത് പ്രധാനപ്പെട്ട ഒന്നാണ്. ഈ പ്രാധാന്യം കണക്കിലെടുത്താണ്, ലോകപ്രശസ്ത മലയാളി ശാസ്ത്രജ്ഞൻകൂടിയായ ഡോക്ടർ എം.എസ്. സ്വാമിനാഥനെ, ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് 2001 ജൂലൈ 31-ാം തീയതി ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട്

സമർപ്പിക്കാൻ വേണ്ടി നിശ്ചയിച്ചത്. ഡോക്ടർ സ്വാമിനാഥൻ കമ്മിഷൻ 2003 ജനുവരിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ വളരെ സമഗ്രമായി ഏറ്റവും അടിയന്തിരമായി കാർഷിക മേഖലയിൽ സ്വീകരിക്കേണ്ട, ഇന്ത്യാ ഗവൺമെന്റിനെ പ്രേരിപ്പിക്കേണ്ട ഒട്ടേറെ നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ട്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, ഉറുഗ്വേ-ദോഹ റൗണ്ട് ചർച്ചകളിൽ ഉയർന്നുവന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, ഇന്ത്യയിലെ കേരളം ഉൾപ്പെടെയുള്ള കാർഷിക രംഗത്തെ പ്രതികൂലമായി ബാധിക്കുന്ന, അത് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെ എങ്ങനെ അതിജീവിക്കാമെന്നുള്ളതാണ്. ഡോക്ടർ എം. എസ്. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിൽ പരാമർശിക്കപ്പെടാത്ത ഒരു കാര്യം, ഈ നിർദ്ദേശം, നമ്മൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു എങ്കിലും ഒരു നിർദ്ദേശംപോലും പരിഗണിക്കുന്നതിനോ അതനുസരിച്ചുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതിനോ കേന്ദ്ര ഗവൺമെന്റ് സന്നദ്ധമാകുന്നില്ല. അങ്ങനെയുള്ള ഒരു പ്രതിസന്ധി നമുക്ക് എങ്ങനെ യോജിച്ച് അതിജീവിക്കാൻ കഴിയും ?

ശ്രീ. പി. ടി. തോമസ് : സർ, ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കേണ്ട ഒരു വസ്തുത.മനസ്സിലാക്കിയിട്ടുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇന്ത്യയിൽ ഇപ്രകാരം വളരെ വിദഗ്ദ്ധമായ ഒരു കമ്മിഷനെ നിയമിച്ച് പഠനം നടത്തിയ ഏക സംസ്ഥാനം കേരളമാണ്. അദ്ദേഹം സമർപ്പിച്ച നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവ W.T.O.-യിൽ വന്നിട്ടുണ്ടെന്ന് കഴിഞ്ഞ മാസം W.T.O.-യുടെ ഒരു ചർച്ച തിരുവനന്തപുരത്ത് നടക്കുകയുണ്ടായി, ആ ചർച്ചയിൽ പങ്കെടുത്ത W.T.O.-യുടെ ഇന്ത്യൻ ഗവർണറായ മലയാളി ചന്ദ്രശേഖർ ചൂണ്ടിക്കാണിക്കുകയുണ്ടായി.

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ ശ്രീ. ഇ.എം. അഗസ്തി]

ശ്രീ. എം. പി. ഗംഗാധരൻ : ഡബ്ള്യൂ.ടി.ഒ പ്രകാരം, അത് World Countries-ന്റെ ഒരു എഗ്രിമെന്റാണല്ലോ? ആ എഗ്രിമെന്റ് പ്രകാരം നമുക്ക് നമ്മുടേതായ അഗ്രിക്കൾച്ചറൽ പ്രോഡക്റ്റിന് വില കുറയുന്നു, ഇമ്പോർട്ട് വരുന്നു. അതുപോലെതന്നെ നമ്മുടെ എക്സ്പോർട്ടിൽ അതത് രാജ്യങ്ങളിലെയും വിലകുറയുന്നുണ്ടെന്നറിയാമോ ?

ശ്രീ. പി. ടി. തോമസ് : തീർച്ചയായും. അതിനെ സംബന്ധിച്ചൊക്കെ സ്വാമിനാഥൻ റിപ്പോർട്ടിൽ വിശദമായിട്ട് പറയുന്നുണ്ട്. ഇതിന്റെ pivot എന്നുപറയാവുന്നത്, "To build a sustainable agriculture trade security system." ഇതാണ് എം.എസ്.സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടെടുത്താൽ കാണാൻ കഴിയുന്ന ഒന്ന്. കാർഷികവിളകളായ നാളികേരം, അടയ്ക്ക, കുരുമുളക്, നെല്ല്, മരച്ചീനി, വാഴ ഇവയെയും പ്ലാന്റേഷൻ വിളകളായ തേയില, റബ്ബർ, കാപ്പി, ഏലം, കശുവണ്ടി ഇവയെയും രക്ഷിക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ദൃഢനിശ്ചയത്തോടെ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചാണ് സ്വാമിനാഥൻ കമ്മിഷൻ ചൂണ്ടിക്കാണിക്കുന്നത്. ഇൻഡ്യയുടെ തോട്ടവ്യവസായത്തിന്റെ 45 ശതമാനം കേരളത്തിൽ നിന്നാണ്. ദിവസക്കൂലിക്കാരായ 4 ലക്ഷം തൊഴിലാളികളുള്ളതിൽ 20 ശതമാനത്തോളം ഈ മേഖലയിൽ നിന്നാണ്. തേയില, കാപ്പി, റബ്ബർ, ഏലം ഇവയുമായിട്ടുള്ള.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

Mr. Chairman : Dr. Neelan, Please..... His time is over.

ശ്രീ. പി. ടി. തോമസ് : തേയിലയെപ്പറ്റി, അങ്ങയുടെ മണ്ഡലമായ പീരുമേട്ടിലെ തേയില വ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് എന്ത് പരിഹാരം കാണണമെന്ന് ഡോക്ടർ എം.എസ്. സ്വാമിനാഥൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ച് കൂടിയാണ് ഞാൻ പറയുന്നത്.

ഡോ. എ. നീലലോഹിതദാസൻ നാടാർ : ഇത്രയധികം തൊഴിലാളികൾ ഇപ്പോൾ പ്രവൃത്തിയെടുക്കുന്ന നമ്മുടെ കാർഷിക മേഖലയ്ക്ക് ലോക വ്യാപാര സംഘടനയുടെ നിർദ്ദേശങ്ങളുടെ ചുവടുപിടിച്ചുള്ള പരിഷ്ക്കാരങ്ങൾ ഇവിടെ നടപ്പിലാക്കിയാൽ തൊഴിലാളികൾ തന്നെ ഈ രംഗത്ത് നിന്ന് നിർമ്മാർജ്ജനം ചെയ്യപ്പെടുന്ന സാഹചര്യമുണ്ടാകും. വെറും ഒരു ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ ആക്റ്റിവിറ്റി മാത്രമായി നമ്മുടെ കാർഷിക മേഖല അധ:പതിക്കുമെന്നുള്ള വസ്തുത അങ്ങ് വിലയിരുത്തിയിട്ടുണ്ടോ; അതിനെക്കുറിച്ച് അങ്ങ് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. പി. ടി. തോമസ് : വളരെ പ്രഗത്ഭനായ അങ്ങ് ഈ കാര്യങ്ങൾ മനസ്സിലാക്കിയിട്ട് താങ്കളുടെ രാഷ്ട്രീയമായ പ്രതിബദ്ധതകൊണ്ട് പറയാതിരിക്കുന്നതാണോ എന്ന് ഞാൻ സംശയിക്കുകയാണ്. ഈ പറഞ്ഞതല്ല വസ്തുത. ഞാൻ അതിലേയ്ക്ക് കടക്കുകയാണ്. ഈ നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ട മറ്റൊന്ന്, കൃഷിക്കായി ഒരു ഹൈലെവൽ സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിക്കണമെന്നുള്ളതാണ്. അതുപോലെതന്നെ ഉൽപ്പാദനം, ഗുണമേൻമ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നീ തലങ്ങളിലേയ്ക്ക് കാർഷിക മേഖലയെ മാറ്റിയെടുക്കുക അതുപോലെതന്നെ കൃഷിയിൽ ഗുണമേൻമ പരിപാലനത്തെ സംബന്ധിച്ച് വിദ്യാഭ്യാസം, ക്വാളിറ്റേറ്റീവായിട്ടുള്ള ഒരു എഡ്യൂക്കേഷൻ ആ രംഗത്തുണ്ടാകണം. മത്സ്യത്തൊഴിലാളികളെയൊക്കെ ബാധിക്കുന്ന മത്സ്യ ഉൽപ്പന്നങ്ങൾ, അവയുടെ ഗുണനിലവാരം വർദ്ധിപ്പിച്ച് കയറ്റുമതി വർദ്ധിപ്പിക്കാനുള്ള നടപടികളുണ്ടാകണമെന്നുള്ളതാണ് മറ്റൊന്ന്. ഇൻഡ്യാ ഗവൺമെന്റുമായി സഹകരിച്ച് ഇറക്കുമതിയും അതുപോലെതന്നെ ഇറക്കുമതി ചെയ്ത സാധനം വീണ്ടും കയറ്റിയയയ്ക്കുന്ന പ്രവണതയും കർശനമായി തടയാൻ വേണ്ടി മുൻകരുതലുകൾ കേന്ദ്ര ഗവൺമെന്റ് എടുക്കണമെന്നുള്ളതാണ് മറ്റൊന്ന്. മറ്റൊന്ന് ഓർഗാനിക് ഫാമിംഗിനെ സംബന്ധിച്ചാണ്. അത് പ്രോത്സാഹിപ്പിക്കുക മാത്രമല്ല ഓർഗാനിക് ഫാമിംഗിനെ സംബന്ധിച്ച് സർട്ടിഫിക്കറ്റ് കോഴ്സ് നടത്താനുള്ള ഒരു സെന്റർ നമ്മുടെ നാട്ടിലുണ്ടാകണമെന്നുള്ളതാണ് ചൂണ്ടിക്കാണിക്കുന്ന മറ്റൊരു കാര്യം.

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, ഈ ഓർഗാനിക് ഫാമിംഗിനെ കുറിച്ച് പറഞ്ഞപ്പോൾ നമ്മുടെ നാട്ടിൽ പലയിടത്തും കുരുമുളകൊക്കെ രാസവളമിട്ടാണ് ഉത്പാദിപ്പിക്കുന്നത്. പക്ഷേ ഇപ്പോൾ അമേരിക്കയിൽ ജൈവ കുരുമുളകൊക്കെ പരിശോധിക്കാനുള്ള യന്ത്രം ഉണ്ടായിട്ടുണ്ട്. അതിന് വിലയും കിട്ടുന്നുണ്ട്. ഈ സമ്പ്രദായത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : മിസ്റ്റർ, തോമസ് ചാഴികാടൻ അടുത്തത് നിങ്ങളുടെ പ്രസംഗമാണ്. Let him complete, അദ്ദേഹം പ്രസംഗം അവസാനിപ്പിക്കട്ടെ.

ശ്രീ. തോമസ് ചാഴികാടൻ : ഓർഗാനിക് ഫാമിംഗുമായി ബന്ധപ്പെട്ടതു കൊണ്ടാണ്. ഡബ്ള്യൂ.ടി.ഒ.യുടെ നിർദ്ദേശമനുസരിച്ച് ഇനി മുതൽ കാർഷികോൽപ്പന്നങ്ങൾ എക്സ്പോർട്ട് ചെയ്യണമെങ്കിൽ അത് ഓർഗാനിക് ഫാമിംഗിലൂടെ ഉൽപ്പാദിപ്പിച്ച കാർഷികോൽപ്പന്നങ്ങൾ ആയിരിക്കണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും സാദ്ധ്യതയുള്ള മേഖലയായി അത് വർദ്ധിച്ചിരിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. ടി. തോമസ് : ബഹുമാനപ്പെട്ട മണ്ണാർക്കാട് മെമ്പറും ഏറ്റുമാനൂർ മെമ്പറും പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. എം.എസ്. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിലെ ഏറ്റവും സുപ്രധാനമായ നിർദ്ദേശങ്ങളിൽ ഒന്ന് അതു തന്നെയാണ്. മറ്റൊരു പ്രധാനപ്പെട്ട നിർദ്ദേശം, ആയുർവേദത്തിന്റെ ഗുണമേൻമ നിലനിർത്തണം. ഇന്ന് അതിന്റെ ക്വാളിറ്റി ടൂറിസത്തിന് വേണ്ടി കളയുന്നു, ക്വാളിറ്റി തകർത്ത് കളഞ്ഞിരിക്കുന്നു. അത് പുനരുജ്ജീവിപ്പിക്കണം. അത് നിലനിർത്തണമെന്നുള്ളതാണ്. ഞാൻ സമയക്കുറവുമൂലം ദീർഘമായിട്ട് പറയുന്നില്ല. മറ്റൊന്ന് നമ്മുടെ പിൽഗ്രിം ടൂറിസം വികസിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്നതാണ്. അതുപോലെതന്നെ പ്രകൃതിജന്യമായ ടൂറിസം പദ്ധതികളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളുണ്ട്. വേറൊരു കാര്യം, കൃഷിവിജ്ഞാൻ ഉദ്യോഗ് കേന്ദ്രയുടെ, ഒരു ചെയിൻ ഇൻഡ്യയിൽ രൂപീകരിക്കണം. അതുപോലെതന്നെ Protection of Plant Varieties and Farmers Rights Act and Bio Diversity Act. ഇത് പാസ്സാക്കണമെന്ന നിർദ്ദേശമാണ് വച്ചിരിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ ശ്രീ. ഇ.എം. അഗസ്തി]

ഡോ.എ. നീലലോഹിതദാസൻ നാടാർ : പിൽഗ്രിം ടൂറിസവും കൃഷിയുമായിട്ട് എന്താണ് ബന്ധം ?

ശ്രീ. പി. ടി. തോമസ് : കൃഷിയെ സംബന്ധിച്ച് മാത്രമല്ല സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. കേരളം വരാൻ പോകുന്ന നൂറ്റാണ്ടുകളിൽ അതിജീവിക്കാൻ പോകുന്ന മേഖലകളെന്തെല്ലാം എന്നാണ്. അങ്ങ് ആ റിപ്പോർട്ട് വായിച്ചിട്ടില്ല എന്ന് ഞാൻ വിചാരിക്കുന്നു. അതിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പ്രധാനപ്പെട്ട നിർദ്ദേശങ്ങളിലൊന്നാണ് ടൂറിസം. ടൂറിസത്തിന്റെ വളർച്ച ഇതിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ടൂറിസം കേരളം ഉപയോഗപ്പെടുത്തേണ്ടതാണ്. അക്കാര്യത്തെ സംബന്ധിച്ചും പറഞ്ഞിട്ടുണ്ട്. ആയുർവേദത്തെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. ആ കൂട്ടത്തിൽ തന്നെയാണ് പിൽഗ്രിം ടൂറിസം ഒരു വലിയ സോഴ്സായി കേരളം മാറ്റിയെടുക്കണമെന്ന നിർദ്ദേശം എം.എസ്. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിനകത്ത് പറഞ്ഞിട്ടുള്ളത്. എനിക്ക് തോന്നുന്നു 31-ാമത്തെ പേജിലാണെന്ന്. മറ്റൊരു കാര്യം, ഡബ്ല്യൂ.ടി.ഒ.യുടെ ഒരു മീഡിയ സെൽ.....(ബഹളം)..... ആ

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടിൽ.....പറയുന്നതെല്ലാം മഞ്ഞക്കണ്ണ് കൊണ്ട് കാണരുതെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മെമ്പറോട് അഭ്യർത്ഥിക്കാനുള്ളത്. ഡബ്ല്യു.ടി.ഒ.യുടെ ഒരു മീഡിയ സെൽ രൂപീകരിക്കണമെന്നതാണ് എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ മറ്റൊരു പ്രധാപ്പെട്ട ശുപാർശ. അതുപോലെതന്നെ പ്രാധാന്യമുള്ള ഒന്നാണ് Virtual University for Agriculture trade as a 21st Century institution. 21-ാം നൂറ്റാണ്ടിന്റെ വളർച്ചയും വൈജ്ഞാനിക വിസ്ഫോടനവും കണക്കിലെടുത്തുകൊണ്ട്.....

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ, സമയമില്ല, പ്ലീസ്. അങ്ങ് വഴങ്ങാതിരുന്നാൽ മതി.

ശ്രീ. പി. ടി. തോമസ് : ചോദ്യങ്ങൾ വളരെയധികം വന്നതുകൊണ്ടാണ്. Virtual University എന്നൊരു ആശയം, അത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. അതോടൊപ്പം ഡോക്ടർ സ്വാമിനാഥൻ ചൂണ്ടിക്കാണിക്കുകയാണ്, Virtual University, Internet, Cable T.V, Community Radio, Newspapers ഇതുമൊക്കെയായി ബന്ധപ്പെടുത്തി അതിനെ ഒരു ശൃംഖലയായി വികസിപ്പിച്ചെടുക്കണമെന്നാണ് പറയുന്നത്. മണ്ഡരി അടക്കമുള്ള രോഗം ബാധിച്ച നാളികേരത്തിനെ രക്ഷിക്കാൻ Value Added Products ഉണ്ടാക്കണം. അതുപോലെതന്നെ പ്രോസസ്സിംഗും പാക്കിംഗും മാർക്കറ്റിംഗും ഫലപ്രദമായി ഉപയോഗപ്പെടുത്തണം. അതുപോലെതന്നെ ഉൽപ്പാദനം വർദ്ധിപ്പിക്കണം, ഉൽപ്പാദനച്ചെലവ് കുറയ്ക്കണം. അതാണ് നാളികേരത്തെ സംബന്ധിച്ച് പറയുന്നത്. പ്ലാന്റേഷൻ ഉൽപ്പന്നങ്ങളായ റബ്ബർ, ആട്ടോമൊബൈൽ വ്യവസായത്തിന് ഉപയോഗപ്പെടുത്താൻ കഴിയുന്ന ഒരു വ്യവസായമുള്ളതിനാൽ റബ്ബറിനെ മാറ്റണമെന്നാണ് പറയുന്നത് .മറ്റൊന്ന് കർഷകരുടെയും ഉപഭോക്താക്കളുടെയും സംയുക്ത പങ്കാളിത്തമുള്ള ഒരു വിദഗ്ദ്ധ സമിതിക്ക് രൂപം കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ തേയിലയെ സംബന്ധിച്ച് നേരത്തെ ഞാൻ ഇവിടെ സൂചിപ്പിച്ചു. ഇടുക്കി ജില്ലയെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. Value Added ആയി തേയിലയെ മാറ്റണം. ഇൻസ്റ്റന്റ് ടീ, ടീ ബാഗ്, ഹെർബൽ ടീ എന്നിവ ഉൽപ്പാദിപ്പിക്കുകയും സോളാർ ഉപയോഗിച്ച് തേയില ഉണക്കിയെടുക്കുന്നതിനുള്ള സിസ്റ്റം നിർദ്ദേശിച്ചിട്ടുണ്ട്. ലോകത്ത് കെനിയ, കൊളംബിയ, ബ്രസീൽ തുടങ്ങിയ കാപ്പി ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളോടൊപ്പം പിടിച്ചുനിൽക്കാൻ കഴിയുന്ന ഡൈവേഴ്സിഫിക്കേഷൻ കാപ്പിയുടെ രംഗത്തുണ്ടാകണം. സുഗന്ധവ്യജ്ഞനങ്ങൾക്ക് ക്വാളിറ്റി കൺട്രോളും ബ്രാൻഡ് നെയിമും വേണം. അതാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഉദാഹരണത്തിന്, മലബാർ പെപ്പർ, വയനാടൻ മഞ്ഞൾ. ആ നിർദ്ദേശങ്ങൾ ജിയോ ഗ്രാഫിക് ഇൻഡിക്കേഷൻ വച്ചുകൊണ്ട് കാർഷിക മേഖലയെ പ്രത്യേകിച്ച് കേരളത്തെ വളരെയേറെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമെന്ന ഒരു പ്രധാനപ്പെട്ട കാര്യമാണ് പറഞ്ഞിരിക്കുന്നത്. മറ്റൊന്ന് സപ്ലൈ ആന്റ് മാർക്കറ്റിംഗിനെ പറ്റിയാണ്. ബഫർസ്റ്റോക്ക്, ഒരു ഗോഡൗൺ ശൃംഖല നാട്ടിലുണ്ടാകണം എന്നാണ് പറഞ്ഞിരിക്കുന്നത്. ഇറക്കുമതി, Herbal Medicine, Genetic Resource, Conversion അതുപോലെ Herbal Biovalley, Herbal Sanctuary തുടങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly

ഒട്ടേറെ നിർദ്ദേശങ്ങളുണ്ട്. ഡോക്ടർ സ്വാമിനാഥൻ 2003 ജനുവരിയിൽ സമർപ്പിച്ച റിപ്പോർട്ട് കേരളം ഗൗരവതരമായി ഇതുവരെ ചർച്ച ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട അങ്ങയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഒരു ചർച്ച കേരളത്തിലെ നിയമസഭാംഗങ്ങൾക്ക് വേണ്ടി മറ്റ് പല ചർച്ചകളും നടത്തുന്നതുപോലെ സംഘടിപ്പിക്കണം. ഇവിടെ പ്രമേയം അവതരിപ്പിച്ച എന്റെ സ്നേഹിതൻ ചൂണ്ടിക്കാണിച്ചതുപോലെ, വിപുലമായ ഒരു ചർച്ച കേരളത്തിലെമ്പാടും നടത്തിയാൽ അത്രയും നല്ലതായിരിക്കും.

ശ്രീ. കെ. പി. രാജേന്ദ്രൻ : പ്രധാനപ്പെട്ട ഒരു കമ്മിഷൻ റിപ്പോർട്ടാണ് അന്താരാഷ്ട്ര പ്രശസ്തി നേടിയ ഡോക്ടർ സ്വാമിനാഥന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് റിപ്പോർട്ട് കൊണ്ടുവന്നത്. ഡോക്ടർ ശ്യാമസുന്ദരൻ നായർ അടക്കമുള്ള ഒരു കമ്മിറ്റിയാണത്. അത്തരം ഒരു റിപ്പോർട്ട്, അങ്ങ് ചൂണ്ടിക്കാണിച്ചു, ജനുവരിയിൽ കിട്ടി ഇതുവരെ ഗവൺമെന്റ് നടപടിയെടുത്തില്ല. ഞങ്ങൾ ഇത് ഇവിടെ മുൻപും സൂചിപ്പിച്ചതാണ്. ഇതിന് മുൻപ് ഇടക്കാല റിപ്പോർട്ട് കിട്ടി. ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതിലെ ചില ശുപാർശകൾ ഗവൺമെന്റ് സീരിയസ്സായിട്ടെടുത്ത് കേന്ദ്ര ഗവൺമെന്റിന് മുൻപാകെ കൊടുക്കണമെന്നും വേൾഡ് സമ്മേളനങ്ങളിൽ അവതരിപ്പിക്കണമെന്നും പറഞ്ഞിരുന്നു. അപ്പോൾ ഗവൺമെന്റ് അത് സീരിയസ്സായിട്ട് എടുക്കാത്തതു കൊണ്ട് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്, ഈ സഭ ഈ റിപ്പോർട്ട് ചർച്ച ചെയ്യണ്ടേ ?

ശ്രീമതി. കെ. ആർ. ഗൗരിയമ്മ : സർ, ഇടക്കാല റിപ്പോർട്ട് വന്നുകഴിഞ്ഞാൽ ഉടൻതന്നെ കേന്ദ്രത്തിന് അയച്ചുകൊടുക്കാം. അയയ്ക്കുക മാത്രമല്ല

12 NOON] മന്ത്രിമാരുടെ കോൺഫറൻസ് വിളിച്ചതിൽ ഞാൻ അറ്റന്റ് ചെയ്തിരുന്നു. അതിൽ ഡിസ്ക്കഷൻ നടന്നു. ഇതെല്ലാം കൊടുത്തു, ഈ റിപ്പോർട്ടും കൊടുത്തു. അത് കഴിഞ്ഞതിനുശേഷം എംപവേർഡ് കമ്മിറ്റി റിപ്പോർട്ട് കൊടുത്തു. ചർച്ച ചെയ്തു. നിരന്തരമായിട്ട് ബന്ധപ്പെടുന്നുണ്ട്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട അംഗങ്ങൾ വളരെ താല്പര്യപ്പെട്ട് സഹകരിച്ചതിൽ സന്തോഷമുണ്ട്. ബിസിനസ്സ് അഡ്വൈസറി കമ്മിറ്റികൂടി സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിനെകുറിച്ചും ഡബ്ല്യു.ടി.ഒ. കരാറിനെക്കുറിച്ചും സഭയിൽ ചർച്ച ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. പി. ടി. തോമസ് : സർ, ഇവിടെ ബഹുമാനപ്പെട്ട കെ.പി. രാജേന്ദ്രൻ ചൂണ്ടിക്കാണിച്ച വസ്തുത ഈ അടുത്ത് വരാൻ പോകുന്ന മെക്സിക്കോ സമ്മേളനത്തിൽ ഡോക്ടർ. എം.എസ്.സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് ഗൗരവതരമായി എടുത്തിട്ടുണ്ടെന്ന് അവിടുന്ന് വന്ന ബന്ധപ്പെട്ട, ഞാൻ നേരത്തെ പറഞ്ഞ ശ്രീ. മേനോൻ തുടങ്ങിയ, ആളുകൾ വ്യക്തമാക്കിയിട്ടുണ്ട്. ഞാൻ അവസാനിപ്പിക്കുന്നു. ഡോക്ടർ. എം.എസ്.സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിനോടുള്ള ഗൗരവതരമായ നിലപാട് കേരള ഗവൺമെന്റ് മുന്നോട്ട്

LIBRARY ARCHIVES Kerala Legislative Assembly

വച്ചിരിക്കുന്നു, അത് തീർച്ചയായും ഗൗരവതരമായി കാണണമെന്നു പറഞ്ഞുകൊണ്ട് ഇവിടെ ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്താങ്ങുകയാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. കാർഷിക രംഗത്ത് ഡബ്ല്യു.ടി.ഒ. കരാർ ഉണ്ടായതിനെത്തുടർന്ന് നമ്മുടെ സംസ്ഥാനത്ത് നിരവധി പ്രശ്നങ്ങളുണ്ടായി. വേണ്ടത്ര ഹോംവർക്ക് ഇല്ലാതെ നടത്തിയ ഒരു കരാർ എന്ന് വേണമെങ്കിൽ അതിനെ വിശേഷിപ്പിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ചർച്ചയിൽ ഇടപെട്ടുകൊണ്ട് ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടി ഡബ്ല്യു.ടി.ഒ. കരാറിനെപ്പറ്റിയും ഡോക്ടർ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റിയും ഈ നിയമസഭയിൽ ചർച്ച ചെയ്യാമെന്ന് പറഞ്ഞതുതന്നെ ഒരു വലിയ കാര്യമാണ്. കേരളത്തിലെ കർഷകർ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. അതിൽ പ്രധാനമായുള്ളത് ഡബ്ല്യു.ടി.ഒ. കരാർ 1995 – ൽ നടപ്പിലാക്കിയതിനെത്തുടർന്ന് നമ്മുടെ കാർഷിക രംഗത്ത് വന്പിച്ച വിലയിടിവ് ഉണ്ടായി. കാർഷികോ ഉല്പന്നങ്ങളുടെയെല്ലാം വിലയിടിഞ്ഞു. അതേസമയം കൃഷിക്ക് ഉപയോഗിക്കുന്ന വളം, കീടനാശിനി തുടങ്ങിയ സാധനങ്ങളുടെ വില ക്രമാതീതമായി ഉയരുകയും ചെയ്തു. അങ്ങനെ കാർഷിക രംഗത്ത് ക്രയവിക്രയ ശക്തി കേരളത്തിൽ നശിച്ചുവെന്നുള്ളതാണ് ഡബ്ല്യു.ടി.ഒ. കരാറിനെ സംബന്ധിച്ച് നമുക്കുണ്ടായ അനന്തരഫലം. അത് എങ്ങനെ പരിഹരിക്കാമെന്നതിനെ സംബന്ധിച്ച് പഠിക്കുന്നതിനു വിദഗ്ദ്ധമായ ഒരു കമ്മീഷനെയാണ് നമ്മുടെ സംസ്ഥാന ഗവൺമെന്റ് നിയോഗിച്ചത്. ഡോക്ടർ എം.എസ്.സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് സമഗ്രമായ പഠിഹാരം അതിൽ നിർദ്ദേശിക്കുന്നുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ആ കമ്മീഷൻ റിപ്പോർട്ട് ഈ സഭയിൽ ചർച്ച ചെയ്യാമെന്നുവച്ചതുതന്നെ ഈ സംസ്ഥാന ഗവൺമെന്റിന് പ്രത്യേകിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്കും കർഷകരോടുള്ള പ്രതിബദ്ധതയാണ് വ്യക്തമാക്കുന്നത്. ഇതിൽ ഒരു പ്രധാന സംഗതി കാർഷിക രംഗത്തുണ്ടായിരിക്കുന്ന സബ്സിഡി കൃഷിക്കാർക്ക് സ്വാതന്ത്ര്യാനന്തര കാലഘട്ടം മുതൽ ലഭിച്ചിരുന്ന സബ്സീഡിയാണ്. സബ്സിഡി എടുത്തുകളയാൻ ഡബ്ല്യു.ടി.ഒ.കരാർമൂലം ഇടവന്നുവെന്നതാണ് ഏറ്റവും ദുഃഖകരമായ അവസ്ഥ. അമേരിക്ക ഉൾപ്പെടെ ഡബ്ല്യു.ടി.ഒ. കരാറിന് കാർമ്മികത്വം വഹിച്ച പല രാഷ്ട്രങ്ങളുമുണ്ട്. അവിടെ കൃഷിക്കാർക്ക് ഇപ്പോഴും സബ്സീഡി ലഭിക്കുന്നുണ്ടെന്നുള്ളത് പ്രത്യേകം എടുത്തുപറയേണ്ട സംഗതിയാണ്.

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, ബഹുമാനപ്പെട്ട മട്ടാഞ്ചേരി മെമ്പർ ഇവിടെ ഒരു കാര്യം സൂചിപ്പിച്ചു. അമേരിക്കയിൽ ഏറ്റവും കൂടുതൽ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നമാണ് സോയാബീൻ. ഈ സോയാബീൻ ഉല്പന്നത്തിനടക്കം അമേരിക്കയിലെ കർഷകർക്ക് അവിടെ സബ്സിഡി കൊടുക്കുകയാണ്. അതോടൊപ്പംതന്നെ ഡോക്ടർ എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ ഒരു കാര്യം പ്രധാനമായി സൂചിപ്പിച്ചത് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ജൈവളങ്ങൾ അഥവാ രാസവളം ഒഴിവാക്കിക്കൊണ്ടുള്ള കീടനാശിനി ഒഴിവാക്കിക്കൊണ്ടുള്ള, കാർഷിക ഉല്പന്നങ്ങൾ മാത്രമാണ് ഭാവിയിൽ കാർഷിക മേഖലയിൽ നിലനിൽക്കാനുള്ള അനന്തമായ സാധ്യമായ കയറ്റുമതി വസ്തുക്കൾ. ഇത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ശ്രീ. കളത്തിൽ അബ്ദുള്ള പറഞ്ഞതുപോലെ ഇത് ഭാവിയിൽ ജൈവവളം ചേർത്ത് ഉല്പാദിപ്പിച്ച് വിൽക്കുന്ന സ്പൈസസ്സ് ഉൾപ്പെടെയുള്ള കുരുമുളക് ഉൾപ്പെടെ ഏലം., ഇഞ്ചി അതുപോലെ നമ്മുടെ മലഞ്ചരക്കുകൾ മുഴുവൻ ജൈവ വളം ഉപയോഗിച്ച് ഉല്പാദിപ്പിച്ചാൽ മാത്രമേ വിദേശ രാജ്യങ്ങൾ സ്വീകരിക്കൂ എന്നുള്ള സ്ഥിതിവിശേഷമുണ്ട്. വിദേശ രാജ്യങ്ങളിലേക്ക് നമ്മൾ കയറ്റുമതി ചെയ്യുന്ന ഇതുപോലുള്ള ഉല്പന്നങ്ങൾ മലഞ്ചരക്ക് ഉല്പന്നങ്ങൾ എല്ലാംതന്നെ അവിടെ വിദഗ്ദ്ധമായി പരിശോധിച്ച് ജൈവവളം ഉപയോഗിച്ചാണോ രാസവളം ഉപയോഗിച്ചാണോ ഇത് ഉല്പാദിപ്പിച്ചത് എന്ന് പരിശോധിക്കാനുള്ള സംവിധാനം വിദേശ രാജ്യങ്ങളിലുണ്ട്. അതുകൊണ്ട് ജൈവ വളങ്ങൾ ഉപയോഗിക്കുന്നതിനെ പ്രോൽസാഹിപ്പിക്കാൻ നമ്മൾ മുന്നോട്ട് വരണം.

ശ്രീ. തോമസ് ചാഴികാടൻ : സർ, ജൈവവളം ഉപയോഗിച്ച് കൃഷിചെയ്യുന്ന മലഞ്ചരക്കുകളെക്കുറിച്ച് പറഞ്ഞു. മലഞ്ചരക്കുകൾ മാത്രമല്ല ഇന്ന് കേരളത്തിന്റെ കയറ്റിയയ്ക്കുന്ന ഉല്പന്നങ്ങളിൽ നല്ലൊരു ശതമാനം വെജിറ്റബിൾസ് ആണ്. പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലൊക്കെ. നമുക്ക് ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരാൻ സാധ്യതയുള്ള ഒരു മേഖലയാണ് ഈ വെജിറ്റബിളിന്റെ എക്സ്പോർട്ട്. അത് ജൈവവള കൃഷിയിലൂടെ ഉല്പാദിപ്പിക്കാൻ കഴിഞ്ഞാലേ നമുക്ക് വലിയ നേട്ടങ്ങൾ ഭാവിയിൽ ഉണ്ടാക്കാൻ കഴിയൂ. മറ്റൊന്ന് 2005 -ഓടുകൂടി ഈ ജൈവ കൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മാത്രമേ എക്സ്പോർട്ട് ചെയ്യാവൂവെന്ന് ഡബ്ല്യു.ടി.ഒ. യുടെ നിർദ്ദേശം വരികയാണ്. അക്കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, പച്ചക്കറികളും പഴങ്ങളും മാത്രമായി ഗൾഫ് രാജ്യങ്ങളിലുൾപ്പെടെ കയറ്റി അയയ്ക്കുന്നുണ്ട്. ഇതെല്ലാം കൃത്രിമമായ വളങ്ങളും കീടനാശിനികളും ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന സ്ഥിതിവിശേഷമുണ്ട്. ഇത് പരിഗണിച്ച് ജൈവ വളങ്ങൾ ഉല്പാദിപ്പിക്കുന്നതിനും ഉപയോഗിക്കുന്നതിനും പ്രത്യേകിച്ച്, കൃഷിക്കാർക്ക് സബ്സിഡി നല്കാൻ ഗവൺമെന്റ് മുന്നോട്ട് വരണം.

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, ചാണകത്തിൽ നിന്നാണ് പ്രധാനമായും വെർമികമ്പോസ്റ്റ് ഉല്പാദിപ്പിക്കുന്നത്. നമ്മൾ ആ വെർമികമ്പോസ്റ്റിന്റെ കാര്യം വിസ്മരിച്ചപ്പോൾ അമേരിക്ക അവരുടെ വളങ്ങളിൽ രാസകീടനാശിനികൾ ഉണ്ട് എന്ന് പറഞ്ഞ് മാറ്റിവച്ച് രാസകീടനാശിനികൾ ഇല്ലാത്ത ചാണകം വാങ്ങാൻ തീരുമാനമെടുക്കുകയും അതിന്റെ ഫലമായി നമ്മുടെ ചാണകത്തിന് അവിടുത്തെ മാർക്കറ്റിൽ നിലവിൽ ഉണ്ടായിരുന്ന വില എത്രയോ ഇരട്ടി വർദ്ധിച്ചതായി ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, നമ്മുടെ ചാണകം ഏറ്റവും ഉപയുക്തമായ ഒരു ജൈവവളമാണ്. വാസ്തവത്തിൽ അത് ഉപയോഗിക്കാനുള്ള സംവിധാനങ്ങൾ, അതിന്റെ സാങ്കേതിക വിദ്യകൾ ഗവൺമെന്റ് പ്രോത്സാഹിപ്പിക്കണം. സാങ്കേതിക വിദ്യകൾ പരിപോഷിപ്പിക്കണം അതാണ് കർഷകർക്ക് ചെയ്യാനുള്ള ഏറ്റവും പ്രധാനമായ സംഗതി. അതുപോലെ കർഷകർക്ക് ഡോക്ടർ എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട്.....

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, ജൈവ കൃഷിരീതിയിലൂടെ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ മാത്രമേ മാവിയിൽ കയറ്റുമതി ചെയ്യാൻ കഴിയൂ എന്നതും അനന്തമായ കാര്യമല്ല. ഒരു കൊല്ലം കഴിഞ്ഞാൽ 2005 മുതൽ കയറ്റി അയയ്ക്കുന്ന സാധനങ്ങൾക്കെല്ലാം ഡബ്ല്യു.ടി.ഒ. ഈ നിബന്ധന ബാധകമാക്കിയിരിക്കുകയാണ്. ഡോക്ടർ എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിനകത്തുതന്നെ പറയുന്നത് മറ്റ് എല്ലാ രാജ്യങ്ങളും ഇപ്പോൾ ജൈവ കൃഷിയിലേക്ക് മാറിക്കഴിഞ്ഞു. നമുക്ക് ആ നിലയിൽ എത്തണമെങ്കിൽ കുറഞ്ഞത് 5 കൊല്ലമെങ്കിലും വേണ്ടിവരും. നിലവിലുള്ള കൃഷിരീതിയിൽ നിന്നുമാറി ജൈവ കൃഷി രീതിയിലേക്ക് എത്താൻ. നമ്മൾ ഒരു വർഷം ബാക്കി നിൽക്കെ ഈ കിടനാശിനി ഉപയോഗിച്ചുള്ള ഇന്നത്തെ കൃഷിരീതിയിൽ നിന്ന് ജൈവ കൃഷിയിലേക്ക് മാറുന്നതിനെ സംബന്ധിച്ച ഒരു ആലോചനയും ഇതുവരെ നടത്തിയിട്ടില്ല. പിന്നെ എങ്ങനെയാണ് 2005 -ൽ ഈ പ്രതിസന്ധി അതിജീവിക്കാൻ കഴിയുക. അപ്പോൾ നമ്മുടെ കൃഷിരീതിയിൽ മാറ്റമുണ്ടാക്കാൻ അടിയന്തരമായി സംവിധാനം ഉണ്ടാക്കണം.

ശ്രീ. തോമസ് ചാഴികാടൻ : സർ, ഈ ഇപ്പോൾ രാസവളങ്ങൾ ഉപയോഗിച്ച് ഉപയോഗിച്ച് ഭൂമിയുടെ സ്വാഭാവികമായി ഉണ്ടായിരുന്ന കാളിറ്റി നഷ്ടപ്പെട്ടു പോയിരിക്കുകയാണ്. അത് തിരിച്ച് കിട്ടണമെങ്കിൽതന്നെ 3/4 വർഷമെടുക്കുമെന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്. അതുകൊണ്ട് എത്രയുംവേഗം ജൈവ കൃഷിയിലേക്ക് തിരിച്ച് പോകാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കാൻ നമ്മുടെ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : ഒരു വർഷം എന്നു പറഞ്ഞാൽ പെട്ടെന്ന് കഴിയും. അതിനുമുമ്പ്തന്നെ നമ്മൾ ജൈവ വളം ഉപയോഗിച്ച് കൃഷി നടത്തുന്ന ആ രീതിയിലേക്ക് പോകേണ്ടിയിരിക്കുന്നു. മാത്രമല്ല, എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് ഇവിടെ ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇതിന്റെ ഇടക്കാല റിപ്പോർട്ട് വന്നപ്പോൾ കേന്ദ്ര ഗവൺമെന്റിൽ, പ്രത്യേകം ബഹുമാനപ്പെട്ട മന്ത്രി അതിനെ വിശദീകരിക്കുകയും അത് സ്വീകരിച്ച് അതിൽ നടപടി ഉണ്ടാക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തുവെന്ന് പറയുകയുണ്ടായി. പക്ഷേ ഒരു നടപടിയും ഉണ്ടായതായി നമുക്കറിയില്ല എന്നു മാത്രമല്ല മെക്സിക്കോ സമ്മേളനം വന്നു. ഈ മെക്സിക്കോ സമ്മേളനത്തിൽ എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിലുള്ള കർഷകർക്ക് കൃഷിക്ക് അനുകൂലമായ കാര്യങ്ങളെടുത്ത് അവിടെ നമുക്ക് അവതരിപ്പിക്കുവാനും അത് ഡബ്ല്യു.ടി.ഒ യെക്കൊണ്ട് നടപ്പിലാക്കിച്ചു കിട്ടുവാനുമുള്ള ഒരു ഏർപ്പാട് നമ്മുടെ സംസ്ഥാന ഗവൺമെന്റ് ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

അതിൽ കേന്ദ്ര ഗവൺമെന്റിനെ മാത്രം പ്രതീക്ഷിച്ചിരുന്നിട്ട് കാര്യമില്ല. കേന്ദ്ര ഗവൺമെന്റിനെ ഫീഡ് ചെയ്യണം, അവരെ സ്വാധീനിക്കണം എന്നതിനുപുറമെ കേരളംതന്നെ ആ കാര്യത്തിൽ മുൻകയ്യെടുത്ത് മെക്സിക്കോ സമ്മേളനത്തിൽ നമുക്ക് നന്നായി വാദിക്കുവാൻ കഴിയുന്ന ഒരു സംവിധാനം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. രാജൻ : സർ, ഈ പ്രമേയം കാർഷിക മേഖലയിൽ വരുത്തേണ്ട പരിഷ്ക്കാരങ്ങളെയും നടപടികളെയും സംബന്ധിച്ച് പഠിച്ച് ശുപാർശകൾ നൽകാൻ സർക്കാർ നിയമിച്ച ഡോ.എം.എസ്.സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ കേന്ദ്ര സർക്കാർ കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ച് കേന്ദ്ര സർക്കാരിനെ പ്രേരിപ്പിക്കാനും എന്നാൽ സംസ്ഥാന തലത്തിൽ എടുക്കേണ്ട അടിയന്തിര നടപടികളെ സംബന്ധിച്ച് ഉചിതമായ തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കുവാനുമാണ് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സ്വാമി നാഥൻ കമ്മീഷൻ റിപ്പോർട്ട് വളരെ വിശദമായി ഇവിടെ ചർച്ച ചെയ്യണമെന്ന്. നമ്മളെല്ലാവരും അതിന് യോജിക്കുന്നു. ഈ കമ്മീഷൻ റിപ്പോർട്ട് വന്നിട്ട് ഏഴെട്ട് മാസമായി. 2003 ജനുവരി മാസമാണ് ഈ റിപ്പോർട്ട് ഇവിടെ സമർപ്പിച്ചത്. സ്വാമിനാഥൻ അറിയപ്പെടുന്ന ഒരു കർഷക ശാസ്ത്രജ്ഞനാണ്. വളരെ പ്രധാനപ്പെട്ട ഒരു റിപ്പോർട്ടും അതിന്റെ ശുപാർശകളുമാണ്. അതെല്ലാം ഇവിടെ പ്രമേയ അവതാരകനും പിന്താങ്ങിയ ആളുകളുമൊക്കെ സൂചിപ്പിക്കുകയുണ്ടായി. ആ റിപ്പോർട്ടിനെ സംബന്ധിച്ച് അതിന്റെ ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചപ്പോൾ ആ സമയത്തുതന്നെ കേന്ദ്രത്തിൽ അത് സമർപ്പിക്കുകയും തുടർ നടപടികൾ എടുക്കുകയും എംപവർ കമ്മിറ്റി നിലവിൽ വരികയുമൊക്കെ ചെയ്തുവെന്ന് നമ്മുടെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമുക്കറിയാം ഏഴു മാസമായിട്ടും സംസ്ഥാന ഗവൺമെന്റ് ഒരു ചർച്ചപോലും നടത്താൻ തയ്യാറായിട്ടില്ല. ഈ നിയമസ മാത്രം ചർച്ച ചെയ്താൽ പോര. ഇതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചിടത്തോളം 1991 മുതൽ നമുക്കറിയാം. കേന്ദ്രം പറഞ്ഞിരിക്കുന്നു. അതുപോലെ ശ്രീമാൻ നരസിംഹ റാവുവും ഫൈനാൻസ് മന്ത്രിയായിരുന്ന ശ്രീ. മൻമോഹൻ സിംഗും നേതൃത്വം കൊടുത്ത ഒരു ഗവൺമെന്റ് അനുവർത്തിച്ചുവന്ന നയത്തിന്റെ തുടർച്ചയാണിത്. ഏതാണ്ട് പത്ത് പതിമൂന്ന് വർഷക്കാലം നമ്മുടെ സംസ്ഥാനവും ഇൻഡ്യാ മഹാരാജ്യവും അനുഭവിച്ചു കൊണ്ടിരിക്കുന്ന സാമ്പത്തിക വ്യാവസായിക നയങ്ങൾ ആഗോളവത്കരണവും ഉദാരവൽകരണവുമൊക്കെ ഒരുപാട് ദുരിതങ്ങൾ നമ്മുടെ സംസ്ഥാനത്ത് ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെയൊക്കെ പരിണിത ഫലങ്ങളാണ് ഇപ്പോൾ തുടർന്നുവന്ന ഡബ്ലിയു.ടി.ഒ യും ഗാട്ടുമൊക്കെ.

ശ്രീ. പി. ജയരാജൻ : ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട വിഷയമാണ് ഇവിടെ അവതരിപ്പിച്ചത്. ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. പ്രയാർ സംസാരിക്കുന്ന സമയത്ത് അർത്ഥവത്തായ ചില പ്രയോഗങ്ങൾ നടത്തിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി എന്നാണ് തോന്നുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതായത് അദ്ദേഹം പറഞ്ഞു തീരുന്നവർക്ക് പണിയെക്കുറിച്ചും കെണിയെക്കുറിച്ചും അറിയണം. ഇപ്പോൾ വ്യാജരേഖ സൃഷ്ടിച്ചുകൊണ്ട് ഉത്തർപ്രദേശിലാണ് പണിയെടുക്കുന്നതെന്നും നേതൃമാറ്റം ആവശ്യപ്പെട്ടുകൊണ്ട് ലീഡറാണ് കെണിയൊരുക്കുന്നതെന്നും ബഹുമാനപ്പെട്ട അംഗത്തിന് മനസ്സിലായോ ?

ശ്രീ. വി. കെ. ചന്ദ്രൻ : സർ, നമ്മുടെ പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ട് ഇവിടെ ഒട്ടനവധി കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. കാർഷിക മേഖലയെ രക്ഷപ്പെടുത്താൻ ആധുനിക രീതിയിലുള്ള കൃഷി സമ്പ്രദായം ഇന്ന് ആവശ്യമാണ്. ആധുനിക രീതിയിലുള്ള കൃഷി സമ്പ്രദായം ഇവിടെ നടപ്പിലാക്കണമെങ്കിൽ പുതിയ പുതിയ പരീക്ഷണങ്ങൾ ഇന്ന് നമ്മുടെ സമൂഹത്തിന് ആവശ്യമാണ്. സർവ്വകലാശാല. അതിൽ ഡോക്ടർ പന്നിയൂർ ഗോപിനാഥന്റെ ഒരു പ്രസ്താവന കഴിഞ്ഞ ദിവസം വരികയുണ്ടായി. അവിടെ നടക്കുന്ന എല്ലാ നിരീക്ഷണ പരീക്ഷണങ്ങളും ഇന്ന് തടസ്സപ്പെട്ടു കൊണ്ടിരിക്കുകയാണ്. ആ നിരീക്ഷണ പരീക്ഷണങ്ങൾക്കാവശ്യമായ സാമ്പത്തിക സഹായം നല്കുകയോ ആ കാർഷിക സർവ്വകലാശാലയിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കുവാനാവശ്യമായ സൗകര്യങ്ങൾപോലുമോ ഇന്ന് ഗവൺമെന്റ് തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇതുമൂലം കാർഷിക സർവ്വകലാശാലയുടെ എല്ലാവിധ നിരീക്ഷണ പരീക്ഷണങ്ങളും ഇന്ന് തകിടംമറിക്കപ്പെട്ടിരിക്കുകയാണ്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. വി. ജയരാജൻ : ലീഡറെ കെണിയിലാക്കുന്ന പ്രശ്നം അങ്ങ് ഇവിടെ പറഞ്ഞല്ലോ. ലീഡറെ കെണിയിലാക്കുന്നതിന് ബഹുമാനപ്പെട്ട ചെയർ ആഗ്രഹിക്കുന്നില്ലായെന്നും അദ്ദേഹമതിന് എതിരായിട്ടുള്ള നിലപാടാണ് സ്വീകരിക്കുന്നതെന്നും..... (ബഹളം) ..... (ബഹളം) .....

മി. ഡെപ്യൂട്ടി സ്പീക്കർ : നമ്മളാരും ആഗ്രഹിക്കുന്നില്ല ആരെയും കെണിയിലാക്കാൻ.

ശ്രീ. രാജു എബ്രഹാം : ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട്, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കളത്തിൽ അബ്ദുള്ള, ചാണകം കയറ്റുമതി ചെയ്യുന്ന കാര്യം സൂചിപ്പിക്കുകയുണ്ടായി. വളരെ നല്ല ആശയമാണ്. ജിം ഒക്കെ വന്നിട്ട് യാതൊന്നും നടക്കാത്ത സാഹചര്യത്തിൽ ഇതു സംബന്ധിച്ച് ഒരു പുതിയ പദ്ധതി ജിം-ൽ വച്ച് നമ്മുടെ സംസ്ഥാനത്തിന്റെ മാനം രക്ഷിക്കുവാൻ അതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ് ?

ഡോ. എ. നീലലോഹിത ദാസൻ നാടാർ : ശ്രീ. പി. വി. നരസിംഹറാവുവിന്റെ കാലത്താണ് ഡബ്ല്യു.ടി.ഒ. കരാർ വന്നതെന്ന് ബഹുമാനപ്പെട്ട മാജൻ ഇവിടെ സൂചിപ്പിച്ചു. ശ്രീ. വി.പി.സിംഗ് പ്രധാനമന്ത്രി ആയിരുന്നപ്പോൾ ആ ചർച്ചകളിൽ പങ്കെടുത്ത സഖാവ് അങ്ങിൽ ശ്രീധരൻ അന്നത്തെ കേന്ദ്ര വാണിജ്യ വകുപ്പ് സഹമന്ത്രി എന്നുള്ള നിലയിൽ നിർദ്ദേശങ്ങളോട് ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ റെക്കോർഡുകളിൽത്തന്നെയുണ്ട് എന്നുള്ള വസ്തുത ബഹുമാനപ്പെട്ട അംഗത്തിന് അറിയാമോ ? ..... (ബഹളം) ..... (ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്.....പ്ലീസ്.....

ശ്രീ. എൻ രാജൻ : സർ, എനിക്ക് ഒരു മിനിട്ടേയുള്ളൂ.

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട രാജൻ കാർഷിക രംഗത്തെ ഗുരുതരമായ പ്രതിസന്ധിയെ സംബന്ധിച്ചാണ് സൂചിപ്പിക്കുന്നത്. *** .....(ബഹളം) .....(ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ : ഈ പരാമർശം രേഖയിൽ കാണുകയില്ല.

ശ്രീ. രാജൻബാബു : ശ്രീ. നരസിംഹറാവുവിന്റെ രണകാലത്ത് മുഴുവൻ ആ ഗവൺമെന്റിന് സപ്പോർട്ടു ചെയ്തുകൊണ്ടിരുന്നത് സി.പി.ഐ ആയിരുന്നില്ലേ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇവിടെ സ ാനടപടി ചട്ടം അനുസരിച്ച് ഒരു മെമ്പർ സംസാരിച്ചു കൊണ്ടിരുന്നാൽ വേറൊരാൾക്ക് അങ്ങനെ സംസാരിക്കുവാൻ പാടില്ല. ഇവിടെ ആരൊക്കെയാണ് സംസാരിക്കുന്നത് അതിന് വ്യക്തത വേണം. സംസാരിക്കുന്ന മെമ്പർ വഴങ്ങി മറ്റുള്ളവരുടെ ഓരോ ചോദ്യത്തിനും മറുപടി പറഞ്ഞ് സംസാരിക്കണം! അദ്ദേഹത്തിന് പ്രൊട്ടക്ഷൻ കൊടുക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ : അദ്ദേഹത്തിന് എല്ലാ പ്രൊട്ടക്ഷനുമുണ്ട്.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം.ഹസ്സൻ) : മി. രാജൻ, കേരം തിങ്ങും കേരള നാട് കെ.ആർ.ഗൗരി ഭരിക്കട്ടെ എന്ന് മുദ്രാവാക്യം വിളിച്ച് വള്ളി നിക്കറിട്ട് നടന്ന ആളുകൾ ഇപ്പോൾ ഗൗരിയമ്മയെ ഇവിടെ വന്ന് അധിക്ഷേപിക്കുന്നത് അങ്ങേയ്ക്ക് അരോചകമായി തോന്നുന്നില്ലേ ?

ശ്രീമതി കെ.ആർ.ഗൗരിയമ്മ: ഞാൻ അത് അധിക്ഷേപമായിട്ട് വിചാരിക്കുന്നില്ല. സാധാരണ ഭ്രാന്തമാരോട് ധിക്കാരപരമായി പെരുമാറും.

മി. ഡെപ്യൂട്ടി സ്പീക്കർ : Please resume your seat.....Your time is over....No....No.... Your time is over.

ശ്രീ. ബിനോയ് വിശ്വം : സർ, നിർഭാഗ്യവശാൽ നമ്മുടെ ചർച്ച വിഷയത്തിൽ നിന്ന് മാറി പൊയ്ക്കൊണ്ടിരിക്കുകയാണ്. നിർഭാഗ്യവശാലാണിത്. എന്റെ ചോദ്യം റബറിന്റാണ്. ചർച്ചാ വിഷയം ആ റിപ്പോർട്ട് ആണല്ലോ ? ആ റിപ്പോർട്ടിൽ ഡോ. എം.എസ്. സ്വാമിനാഥൻ പറഞ്ഞു "Fortunately, there is an opportunity now to rectify some of the gross inequalities and infirmities characteristic of the existing Agreement on Agriculture, during the ongoing post-Doha negotiations. The present Report therefore offers suggestions for the consideration of the Government of India, based on the UN Millennium Goals for Poverty Eradication.....എന്ന് ആ ലക്ഷ്യമുള്ള റിപ്പോർട്ട് കിട്ടിയിട്ട് ഗവൺമെന്റ് അത് ഭദ്രമായി പൂട്ടി വച്ചിരിക്കുകയാണ്. ആ റിപ്പോർട്ട് പൂട്ടി വയ്ക്കാനുള്ളതല്ല.....(ബഹളം).....

*** ബഹുമാനപ്പെട്ട ഡെ. സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നു നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : Please resume your seat.

ശ്രീ. എൻ. രാജൻ : കേന്ദ്രം ചെയ്യേണ്ട കാര്യങ്ങൾ കേന്ദ്രം ചെയ്യണം. സംസ്ഥാനം ചെയ്യേണ്ട കാര്യങ്ങൾ സംസ്ഥാനം ചെയ്യണം. സംസ്ഥാന ഗവൺമെന്റ് കാർഷിക വികസനവുമായി ബന്ധപ്പെട്ട് നിരവധി പാക്കേജുകൾ ഈ നിയമസഭയിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. അഗ്രിക്കൾച്ചർ പാക്കേജ് 217 കോടി രൂപ കഴിഞ്ഞ വർഷം പ്രഖ്യാപിച്ചതാണ്. അതിൽ ഒരു രൂപ പോലും ഈ സംസ്ഥാനത്ത് വിനിയോഗിച്ചിട്ടില്ല. കാർഷിക വികസനത്തിന് വേണ്ടി 61 കോടി രൂപ ചെലവഴിക്കേണ്ട സ്ഥാനത്ത് ഒന്നും ചെലവഴിച്ചില്ല. അത് ലാപ്സായിപ്പോയി. പിന്നെ എങ്ങനെ ഈ റിപ്പോർട്ടിനെ സംബന്ധിച്ച ശുപാർശകൾ ഈ ഗവൺമെന്റ് നടപ്പിലാക്കും ? ഞങ്ങൾക്ക് ഇത് സംബന്ധിച്ച് ആക്ഷേപമുണ്ട്. അതുകൊണ്ട് ഈ റിപ്പോർട്ട് വളരെ വിശദമായി, കൃഷിക്കാരുമായും എക്സ്പേർട്സുമായും, നിയമസഭയിലും ചർച്ച ചെയ്യണം. എല്ലാവരും കൂടിയുള്ള ഒരു ചർച്ച നടത്തിയ ശേഷം ഈ ഗവൺമെന്റ് ചെയ്യാനുള്ളത് ചെയ്യണമെന്ന് മാത്രമാണ് ഈ അവസരത്തിൽ എനിക്ക് അറിയിക്കാനുള്ളത്.

ശ്രീ. തോമസ് ചാഴികാടൻ : സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. ഈ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ ഏറ്റവും വലിയ നേട്ടം ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞ ഒരു പ്രസ്താവനയാണ്. സ്വാമിനാഥൻ കമ്മീഷന്റെ റിപ്പോർട്ട് കിട്ടിയിട്ട് ഏഴ് മാസമേ ആകുന്നുള്ളൂ. ഇവിടെ ചില റിപ്പോർട്ടുകൾ കിട്ടിയിട്ട് വർഷങ്ങളോളം അതിന്മേൽ യാതൊരു നടപടികളും സ്വീകരിക്കാതിരുന്ന ചരിത്രം നമുക്കുണ്ട്. പക്ഷേ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2001 ജൂലായ് മാസത്തിൽ ബഹുമാന്യനായ അന്തർദ്ദേശീയ പ്രശസ്തനായ കാർഷിക ശാസ്ത്രജ്ഞൻ ഡോ. എം. എസ് സ്വാമിനാഥൻ അദ്ധ്യക്ഷനായ കമ്മിറ്റിയെ നിയോഗിക്കുകയും ഡബ്ല്യൂ.ടി.ഒ.യുടേയും ഗാട്ട് കരാറിന്റേയുമൊക്കെ അടിസ്ഥാനത്തിൽ കേരളത്തിലേയും ഇൻഡ്യയിലേയും തന്നെ കാർഷിക മേഖലയ്ക്ക് ഉണ്ടായിട്ടുള്ള പ്രതിസന്ധികളെക്കുറിച്ച് പഠിച്ച് അതിന് പരിഹാരം കാണുന്നതിനുള്ള നിർദ്ദേശങ്ങൾ വയ്ക്കുവാൻ ഗവൺമെന്റ് ആവശ്യപ്പെടുകയും ചെയ്തു. ബഹുമാനപ്പെട്ട ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ താല്പര്യമെടുത്തു എന്നുള്ളതാണ് അതിന്റെ യാഥാർത്ഥ്യം. ഡോ. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് കിട്ടിയതിനുശേഷം ഏഴ് മാസമേ ആയുള്ളൂ. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിത്തന്നെ സൂചിപ്പിക്കുകയുണ്ടായി, ഇതിൽ ചർച്ച നടക്കണം. ഇത് ഒരു സഭയിൽത്തന്നെ നടക്കണം. ബി.എ.സി. കൂടുമ്പോൾ അതനുസരിച്ചുള്ള അവസരമുണ്ടാക്കുന്നതിനുള്ള തീരുമാനമുണ്ടാക്കുമെന്ന് അദ്ദേഹം പറഞ്ഞത് അങ്ങേയറ്റം സ്വാഗതാർഹമാണ്. നമ്മുടെ രാഷ്ട്രം ഗ്ലോബലൈസേഷന്റേയും ഉദാരവത്ക്കരണത്തിന്റേയുമൊക്കെ കാലഘട്ടത്തിലേക്ക് പോവുകയാണ്. അത് വേണ്ട എന്ന് പറയുന്നവർക്കും അതിന്റെ ഗുണഫലങ്ങളെ കുറിച്ച് യഥാർത്ഥത്തിലുള്ള ബോദ്ധ്യമുണ്ട്. ഇന്ന് ഇവിടെ സൂചിപ്പിച്ച കാർഷിക മേഖലയിൽ പുതിയ സാങ്കേതിക വിദ്യ കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് എല്ലാവർക്കും ബോദ്ധ്യമായിരിക്കുന്നു. ഡബ്ല്യൂ.ടി.ഒ.യുടെ നടപടികൾ ഇങ്ങനെ ആണ്ടുതോറും മിനിസ്റ്റീരിയൽ കോൺഫറൻസിലൂടെ നടക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് സൂചിപ്പിക്കാനുള്ളത് ഇൻഡ്യാ ഗവൺമെന്റിനെ പ്രതിനിധാനം ചെയ്ത്, ഇൻഡ്യയുടെ പ്രധാനമന്ത്രിയെ പ്രതിനിധാനം ചെയ്ത് ഇൻഡ്യയുടെ വാണിജ്യവകുപ്പുമന്ത്രി തന്നെ അതിൽ പങ്കെടുക്കുക. 1994-ൽ മാരക്കേഷിൽ തുടങ്ങിയ ചർച്ച അതിനുശേഷം 1995-ൽ ഡബ്ല്യു.ടി.ഒ. വരുന്നു, എഗ്രിമെന്റ് ഓൺ അഗ്രിക്കൾച്ചർ വരുന്നു, അതിനുശേഷം ഏതാണ്ട് ആണ്ടുതോറും തന്നെ ഈ മിനിസ്റ്റീരിയൽ ചർച്ച നടക്കുന്നുണ്ട്. ഈ ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ എല്ലാ രാജ്യങ്ങളും അംഗീകരിച്ചാൽ മാത്രമേ ഇത് നടപ്പാക്കാൻ സാധിക്കൂ. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ ചർച്ചകളിൽ ഇൻഡ്യാ ഗവൺമെന്റ് വേണ്ട താൽപര്യം കാണിക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഞാൻ ഒരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. വിശദമായി പോകുന്നില്ല. ഒരൊറ്റ ഉദാഹരണം മാത്രം ചൂണ്ടിക്കാണിക്കാം. ഇൻഡ്യയിൽ ഉത്പാദിപ്പിക്കുന്ന റബ്ബറിന്റെ 95 ശതമാനവും ഉല്പാദിപ്പിക്കുന്ന കേരളത്തിൽ സ്വാഭാവിക റബ്ബർ ഇന്ന് കാറ്റഗറൈസ് ചെയ്തിരിക്കുന്നത് ഒരു വ്യാവസായികോല്പന്നമായിട്ടാണ് വ്യാവസായികോൽപന്നങ്ങൾക്ക് ഏറ്റവും കൂടുതൽ എക്സ്പോർട്ട് സബ്സിഡി കൊടുക്കാൻ അംഗീകരിക്കപ്പെട്ടിരിക്കുന്നത് 40 ശതമാനം വരെയാണ്. മിനിമം 25 ശതമാനം പറയുന്നുണ്ട്. അതുകൊണ്ട് ഇന്ന് ഇറക്കുമതി ചുങ്കം ചുമത്താൻ കഴിയുന്നു. കേരളത്തിൽ റബ്ബർ കർഷകനെ ഏറ്റവും കൂടുതൽ ബാധിക്കുന്ന വിലത്തകർച്ചയുണ്ടായതിന് പ്രധാന കാരണം കേരളത്തിലേക്ക് റബ്ബർ ഇറക്കുമതി ചെയ്യുന്നു എന്നുള്ളതാണ്. അത് നിയന്ത്രിക്കണമെന്നുണ്ടെങ്കിൽ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കണം. കാർഷികോത്പന്നത്തിന് ആവറേജ് 150 ശതമാനം വരെ ഇറക്കുമതി ചുങ്കം ഏർപ്പെടുത്താനുള്ള സാഹചര്യം ഉണ്ടെന്നിരിക്കേ ഇതൊരു വ്യാവസായികോത്പന്നമായി നിലനിൽക്കുന്നതുകൊണ്ട് അതിന് ഏറ്റവും കൂടുതൽ ചുമത്താൻ കഴിയുന്നത് 40 ശതമാനം വരെയാണ്. ഈ 40 ശതമാനം പോലും ചുമത്താൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടില്ല. കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണം. ബഹുമാന്യനായ നമ്മുടെ പ്രധാനമന്ത്രി കുമരകത്ത് വന്ന് ഒരാഴ്ച താമസിച്ചിട്ട് കുമരകം പാക്കേജ് എന്നുപറഞ്ഞ് പ്രഖ്യാപിച്ചപ്പോൾ അതിലുണ്ടായിരുന്ന ഒരു ഐറ്റമാണ് റബ്ബർ കാർഷികോത്പന്നമായി പ്രഖ്യാപിക്കണമെന്നത്. പക്ഷേ പ്രധാനമന്ത്രി തിരിച്ച് പോയി വർഷങ്ങൾ ഇപ്പോൾ രണ്ടാകുന്നു. അതിനുശേഷം കേന്ദ്ര ഗവൺമെന്റ് ഈ പ്രഖ്യാപനത്തിൽ നിന്ന് പിന്നോട്ടു പോയിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ : സർ, അങ്ങയുടെ പാർട്ടിക്കാരനായിരുന്ന ശ്രീ. പി. സി.തോമസ് ആണ് കേന്ദ്ര സഹമന്ത്രിയായി ഇപ്പോൾ വന്നിട്ടുള്ളത്. അങ്ങനെ അനുകൂലമായ സാഹചര്യം കൂടി പരിഗണിച്ചുകൊണ്ട് കാർഷിക മേഖലയിൽ കേരളം ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ അദ്ദേഹത്തിന്റെ സഹായം കൂടി തേടിക്കൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനെ കുറിച്ച് ആലോചിക്കുമോ ?

ശ്രീ. തോമസ് ചാഴികാടൻ : ശ്രീ. പി. സി.തോമസ് ഞങ്ങളുടെ പാർട്ടിക്കാരനൊന്നുമല്ല. അദ്ദേഹം ബി.ജെ.പി.യുമായി യോജിച്ച് കേന്ദ്രത്തിൽ മന്ത്രിയാകാൻ പോയി. മന്ത്രി ആയി. പക്ഷേ ഇന്ന് കേന്ദ്ര ഗവൺമെന്റ്

സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കാൻ അദ്ദേഹം ഇവിടെ കറങ്ങി നടക്കുന്നതിനുപകരം കേന്ദ്രത്തിൽ പോയി എന്തെങ്കിലും നടപടി സ്വീകരിക്കുകയാണ് വേണ്ടിയിരുന്നത് എന്നാണ് എന്റെ അഭിപ്രായം. ഞാൻ സൂചിപ്പിച്ചത് ഇക്കാര്യത്തിൽ അടുത്ത മിനിസ്റ്റീരിയൽ കോൺഫറൻസ് സെപ്റ്റംബർ മാസത്തിൽ, ഈ സഭയിലെ ഒരു അംഗമായ മേഴ്സി രവി തന്നെ പങ്കെടുക്കുന്ന ഒരു കോൺഫറൻസ് മെക്സിക്കോയിൽ നടക്കുകയാണ്. ഈ മിനിസ്റ്റീരിയൽ കോൺഫറൻസ് നടക്കുമ്പോൾ, ശ്രീമതി മേഴ്സി രവി പങ്കെടുക്കുന്നത് ട്രേഡ് യൂണിയനെ പ്രതിനിധാനം ചെയ്തുകൊണ്ടാണ്. പക്ഷേ, മിനിസ്റ്റീരിയൽ കോൺഫറൻസിൽ കേന്ദ്രഗവൺമെന്റ് ഈ വിഷയം നിർബന്ധമായും ഉന്നയിക്കാനുള്ള അവസരമൊരുക്കണം.

ശ്രീ. പി. എസ്.സുപാൽ : ശ്രീമതി മേഴ്സി രവി കോൺഫറൻസിൽ സംബന്ധിക്കുന്ന കാര്യം അങ്ങ് ഇവിടെ സൂചിപ്പിച്ചു. സാമ്പത്തിക ഉദാരവത്ക്കരണവുമായി ബന്ധപ്പെട്ട ആ കാര്യത്തിൽ ശരിയായ ഒരു നിലപാട് സ്വീകരിച്ച കോൺഗ്രസ്സിലെ ഏക വ്യക്തി വയലാർ രവി മാത്രമാണ്. പക്ഷേ അമ്മായിയുടെ കറി കൊള്ളാം ഇലയിൽ വിളമ്പാൻ പാടില്ല എന്നുള്ള നിലയിൽ ആണ് കോൺഗ്രസ്സ് നേതൃത്വം അതിനെ കാണുന്നത് എന്നത് സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. തോമസ് ചാഴികാടൻ : ഒരിക്കലും അല്ല. ബഹുമാന്യനായ ശ്രീ. വയലാർ രവി ഇന്ന് കോൺഗ്രസ്സ് പാർട്ടിയുടെ അഖിലേൻഡ്യാ സെക്രട്ടറിയാണ്. അദ്ദേഹത്തിന്റെ ഭാര്യ, ബഹുമാന്യയായ മേഴ്സി രവി ഇന്ന് ഈ സഭയിലെ അംഗമാണ്. അവർ രണ്ടുപേരും ഇക്കാര്യത്തിൽ പ്രത്യേകമായ താല്പര്യമെടുക്കുന്നതാണ്. കോൺഗ്രസ്സ് പാർട്ടിയും ഇക്കാര്യത്തിൽ താല്പര്യമെടുക്കുന്നതാണ്.

ശ്രീ. വർക്കല കഹാർ : ഐ.കെ.ഗുജറാളിന്റെ ഗവൺമെന്റും വി.പി.സിംഗിന്റെ ഗവൺമെന്റും നടത്തിയ ഉദാരവല്ക്കരണത്തിന്റേയും സ്വകാര്യവത്ക്കരണത്തിന്റേയും ഏറ്റവും വലിയ ശ്രമങ്ങളെ പിന്തുണച്ചത് ശ്രീ. ചതുരാനൻമിശ്രയും അതുപോലെ തന്നെ സി.പി.ഐ.യുടെ ശ്രീ. ഇന്ദ്രജിത്ത് ഗുപ്തയും ആയിരുന്നു. സി.പി.ഐ.ക്കാർ സാധാരണ ചെയ്യുന്നതുപോലെ ആദ്യം എതിർക്കുകയും ആനുകൂല്യം ആദ്യം വാങ്ങുകയും ചെയ്യുന്ന നയമല്ലേ നാം ഈ രംഗത്ത് കണ്ടത് ?

ശ്രീ. തോമസ് ചാഴികാടൻ : സി.പി.ഐ.യും മാർക്സിസ്റ്റ് പാർട്ടിയുമൊക്കെ മുഖ്യ പങ്കുവഹിച്ചിരുന്ന ഗവൺമെന്റ് കേന്ദ്രത്തിൽ വന്നതാണ്. 1995-ൽ ഡബ്ല്യു.ടി.ഒ.യും ഗാട്ട് കരാറും ഒക്കെ വന്നതിനുശേഷം ഗാട്ട് കരാറിന്റെ അടിസ്ഥാനത്തിലുള്ള തീരുമാനങ്ങൾ ഒരു രാജ്യം എടുക്കുമ്പോൾ അത് എങ്ങനെ വേണമെന്നുള്ളത് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം .....

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. തോമസ് ചാഴികാടൻ, അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു. Please resume your seat. Order..... Order..... സഭ ഇപ്പോൾ പിരിയുന്നതും ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(29-07-2003 ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ 12.30-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly